# 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ സംബന്ധിച്ച

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 മാർച്ച് 12-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

384/2025.

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I. വിയോജനക്കുറിപ്പ് | .. | 5 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 9 |

# സബ്ജക്റ്റ് കമ്മിറ്റി VI
# (വിദ്യാഭ്യാസം)
# (2023-2026)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വി. ശിവൻകുട്ടി,

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ഡോ. ആർ. ബിന്ദു,

ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയച്ച 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ (ബിൽ നമ്പർ-244) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ 2025 ഫെബ്രുവരി 23-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 മാർച്ച് 3-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 മാർച്ച് 4-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>3-ാം ഖണ്ഡം</u>

(i) 2-ാം ഉപഖണ്ഡത്തിൽ "വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ് " എന്നീ വാക്കുകൾക്കു പകരം "വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ് " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 3-ാം ഉപഖണ്ഡത്തിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ ആസ്ഥാന കാമ്പസ് അല്ലാത്ത കാമ്പസുകൾ സർവ്വകലാശാല സ്ഥാപിക്കാൻ പാടുള്ളതല്ല.".

<u>4-ാം ഖണ്ഡം</u>

4-ാം ഖണ്ഡത്തിന്റെ,—

(i) ആരംഭ വാചകത്തിന് മുന്നിലുള്ള "(1)" എന്ന ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്;

(ii) (ബി) ഇനത്തിന്റെ മൂന്നാം ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, സർവ്വകലാശാല സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി വായ്പ ലഭിക്കുന്നതിന് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ സ്ഥാപിതമായ ഒരു ബാങ്കിനോ ധനകാര്യ സ്ഥാപനത്തിനോ പണയപ്പെടുത്താവുന്നതും എന്നാൽ അങ്ങനെയുള്ള ഭൂമി മറ്റേതെങ്കിലും ആവശ്യങ്ങൾക്കായോ ഏതെങ്കിലും വ്യക്തിക്കോ പണയപ്പെടുത്താൻ പാടില്ലാത്തതുമാണ്.";

(iii) (എച്ച്) ഇനത്തിൽ "സംവരണം ചെയ്യേണ്ടതും" എന്നീ വാക്കുകൾക്കു പകരം "സംവരണം ചെയ്യുകയും "എന്നീ വാക്കുകളും "ബാധകമാക്കേണ്ടതുമാണ് " എന്ന വാക്കിനു പകരം "ബാധകമാക്കുകയും ചെയ്യുക" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്;

(iv) (ഐ) ഇനത്തിൽ "പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട" എന്നീ വാക്കുകൾക്കു പകരം "പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

## 5-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡം (സി) ഇനത്തിൽ, "(2013-ലെ 18-ാം കേന്ദ്ര ആക്റ്റോ)" എന്നീ ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(2013-ലെ 18-ാം കേന്ദ്ര ആക്റ്റ്)" എന്നീ ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

## 12-ാം ഖണ്ഡം

(i) (1)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെട്ട അക്കാദമിക് യോഗ്യതയോ നിലവാരമോ ഇല്ലാത്ത ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും പഠന കോഴ്സിലേയ്ക്ക് പ്രവേശിപ്പിക്കുന്നതിനോ ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ നൽകുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തെക്കാൾ താഴ്ന്ന അക്കാദമിക റിക്കാർഡുള്ളതോ ആയ ഏതെങ്കിലും വിദ്യാർത്ഥിയെ സർവ്വകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിർത്തുന്നതിനോ ഉള്ള ബാധ്യത സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതല്ല.";

(ii) (3)-ാം ഉപഖണ്ഡം (ii) ഇനത്തിൽ, "പരീക്ഷയിലേയ്ക്ക് നയിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "പരീക്ഷയ്ക്ക് തൊട്ടുമുൻപുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് .

<u>24-ാം ഖണ്ഡം</u>

(2)-ാം ഉപഖണ്ഡം (ജി) ഇനത്തിൽ, "ഒരു വർഷത്തേക്കുള്ള ഗവേഷണ" എന്നീ വാക്കുകൾക്ക് പകരം "ഒരു വർഷം ഗവേഷണം പൂർത്തീകരിച്ച" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>26-ാം ഖണ്ഡം</u>

(4)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5) (2)-ാം ഉപവകുപ്പിന്റെ (സി), (ഡി) എന്നീ ഖണ്ഡങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്.".

<u>27-ാം ഖണ്ഡം</u>

(1)-ാം ഉപഖണ്ഡത്തിൽ, "സമ്പത്തിനെ" എന്ന വാക്കിന് പകരം "സാമ്പത്തിക കാര്യങ്ങളെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>42-ാം ഖണ്ഡം</u>

നിലവിലെ വ്യവസ്ഥ (1)-ാം ഉപഖണ്ഡമായി അക്കമിടേണ്ടതാണ്.

<u>54-ാം ഖണ്ഡം</u>

(i) (1)-ാം ഉപഖണ്ഡത്തിൽ, "എതെങ്കിലും കാരണത്താൽ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) (2)-ാം ഉപഖണ്ഡത്തിൽ "സർക്കാർ" എന്ന വാക്കിന് ശേഷം "ചട്ടങ്ങളാൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>56-ാം ഖണ്ഡം</u>

(4)-ാം ഉപഖണ്ഡം (ഇ) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.".

<u>59-ാം ഖണ്ഡം</u>

(3)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

61-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡം (എ) ഇനത്തിൽ "5-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ട ഫീസും" എന്നീ അക്കവും ചിഹ്നവും വാക്കുകളും വിട്ടുകളയേണ്ടതാണ്.

62-ാം ഖണ്ഡം

(i) നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപഖണ്ഡമായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപഖണ്ഡത്തിൽ,—

"വിജ്ഞാപനം" എന്ന വാക്കിന് പകരം "ഉത്തരവ് " എന്ന വാക്ക് ചേർക്കേണ്ടതുമാണ് ;

(ii) ക്ലിപ്തനിബന്ധനയിൽ "വിജ്ഞാപനവും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(iii) (1)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്. ".

പട്ടിക

പട്ടികയിലെ (3)-ാം കോളത്തിൽ "സർവ്വകലാശാലകൾ" എന്ന വാക്കിന് പകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5) വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

വി. ശിവൻകുട്ടി,

*ചെയർപേഴ്സൺ*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2025 മാർച്ച് 12.

അനുബന്ധം -I

## വിയോജനക്കുറിപ്പ്

ഉന്നത വിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങൾ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സംവിധാനത്തിന്റെ പുനരുദ്ധാരണത്തിനും കാലാനുസൃതമായ പരിഷ്കരണത്തിനും പൊതുനിക്ഷേപം പര്യാപ്തമല്ലാത്തതിനാൽ സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകളാണ് 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലികമായ പരിഷ്കരണങ്ങൾ വരുത്തുന്നതിന് വിമുഖത കാട്ടുകയും അത്തരം പരിഷ്കരണ നടപടികളെ മുൻകാലങ്ങളിൽ രാഷ്ട്രീയപ്രേരിതമായി എതിർക്കുകയും ചെയ്തതുമൂലം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുകയാണ്. ഉപരിപഠനത്തിനായി സംസ്ഥാനത്തെ വിദ്യാർത്ഥികൾ വിദേശ സർവ്വകലാശാലകളെ ആശ്രയിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഈ കാര്യത്തിലുള്ള നയംമാറ്റം സ്വാഗതാർഹമാണ്.

എന്നാൽ, നിയമനിർമ്മാണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പൂർണ്ണമായും സാക്ഷാത്കരിക്കുന്ന രീതിയിലുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സ്വകാര്യ സർവ്വകലാശാലകളിലെ വിദ്യാർത്ഥി പ്രവേശനത്തിലും നിയമനങ്ങളിലും ഫീസ് നിർണ്ണയത്തിലും സ്പോൺസറിംഗ് ഏജൻസിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന വ്യവസ്ഥകളാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് ഇളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും വ്യവസ്ഥയുണ്ട്. പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെയും ആയതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യ ശാസ്ത്രീയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ ഫീസ് നിർണയിക്കുന്നത് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അധ്യക്ഷനായ റെഗുലേറ്ററി കമ്മിറ്റിയാണ്. എന്നാൽ, സ്വകാര്യ സർവ്വകലാശാലകൾ ഉയർന്ന പഠന നിലവാരത്തിന്റെയും മികച്ച ഫാക്കൽറ്റിയുടെയും പേരിൽ ഫീസ് കുത്തനെ ഉയർത്തിയാൽ, സർക്കാരിനോ റെഗുലേറ്ററി കമ്മിറ്റിക്കോ കോടതികൾക്കോ ഇടപെടുവാൻ സാധിക്കില്ല. ദരിദ്ര പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച പഠന അവസരങ്ങൾ നിഷേധിക്കുന്ന സാഹചര്യം ഇതിലൂടെ സംജാതമാകുന്നതാണ്.

കൂടാതെ സ്വകാര്യ സർവ്വകലാശാലകളിൽ പ്രവേശനത്തിനുള്ള സംവരണക്രമം പാലിക്കുന്നതിന് നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥ പര്യാപ്തമായി കാണുന്നില്ല. സ്വകാര്യ സർവ്വകലാശാലകളിൽ 40% സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യേണ്ടതും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ സംവിധാനം ബാധകമാക്കേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പി.ജി. പ്രവേശനത്തിന് വാസസ്ഥലം മാനദണ്ഡമാക്കുന്ന സംസ്ഥാന ക്വാട്ട ഭരണഘടനയുടെ അനുഛേദം 14-ന് വിരുദ്ധമാണെന്ന് സുപ്രീം കോടതി നിരീക്ഷിച്ചിട്ടുണ്ട്. സുപ്രീം കോടതി ജനുവരി 2025-ൽ പുറപ്പെടുവിച്ച 'Center for Law and Policy Research vs. State of Tamil Nadu' (2025) 2 SCC 123 എന്ന കേസിൽ, സംസ്ഥാനങ്ങൾ ഡോമിസൈൽ അടിസ്ഥാനമാക്കിയുള്ള സംവരണങ്ങൾ നൽകുമ്പോൾ ഭരണഘടനാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചു. പി.ജി. മെഡിക്കൽ പ്രവേശനത്തിൽ നിലവിൽ ഉണ്ടായിരുന്ന 50 ശതമാനം സംസ്ഥാന ക്വാട്ട റദ്ദാക്കിയ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത വ്യവസ്ഥയുടെ സാധുത ഗൗരവതരമായി പരിശോധിക്കപ്പെടേണ്ടതാണ്.

കൂടാതെ സാമൂഹ്യവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണ ആനുകൂല്യങ്ങൾ വിവിധ കോഴ്സുകളിൽ വിവിധ അനുപാതത്തിലാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ മൾട്ടി ഡിസിപ്ലിനറി സർവ്വകലാശാലകൾ ഏത് രീതിയിലുള്ള സംവരണക്രമം പാലിക്കണമെന്ന കാര്യത്തിലും വ്യക്തത ആവശ്യമാണ്. നിലവിലെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ളവയ്ക്ക് സ്വകാര്യ സർവകലാശാലയായി മാറുവാൻ സാധിക്കുമെന്നതിനാൽ, 40% സംസ്ഥാന ക്വാട്ട ഒഴിവായാൽ രാജ്യത്ത് എവിടെ നിന്നും പ്രവേശനം നടത്തുവാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ, സ്വകാര്യ സർവകലാശാലകളിലെ പ്രവേശനത്തിനുള്ള സംവരണ മാനദണ്ഡങ്ങൾ സംബന്ധിച്ച് നിയമപരമായി സാധുതയുള്ള വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ നിയമ പോരാട്ടങ്ങളിലേക്ക് നയിക്കുകയും സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സംവരണ ആനുകൂല്യങ്ങളും വിദ്യാഭ്യാസ അവസരങ്ങളും നിഷേധിക്കപ്പെടുകയും ചെയ്യുന്നതാണ്.

കൂടാതെ സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്ന സ്പോൺസറിംഗ് ബോഡികൾക്ക് അക്കാദമിക രംഗത്തെ മുൻപരിചയം ഉൾപ്പെടെയുള്ള യോഗ്യതകൾ നിശ്ചയിക്കാത്തപക്ഷം ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്താനുള്ള നിയമ നിർമ്മാണ ഉദ്ദേശ്യം പ്രായോഗിക തലത്തിൽ കച്ചവട താൽപ്പര്യങ്ങൾക്ക് വഴിമാറാൻ സാധ്യതയുണ്ട്. കൂടാതെ സ്വകാര്യ സർവകലാശാലകൾ അടച്ചുപൂട്ടുവാൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ എൻഡോവ്മെന്റ് ഫണ്ട് സ്പോൺസറിംഗ് ഏജൻസികൾക്ക്

കൈമാറുമ്പോൾ ഭാവിയിൽ ഉണ്ടായേക്കാവുന്ന ബാധ്യതകൾ പരിഹരിക്കുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമായി കാണുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി നിയമനിർമ്മാണം നടത്തുമ്പോൾ സംസ്ഥാനത്തെ അർഹതപ്പെട്ട വിദ്യാർത്ഥികളുടെ സംവരണ ആനുകൂല്യങ്ങളും ഫീസ് ഇളവുകളും അക്കാദമിക അവസരങ്ങളും നഷ്ടപ്പെടാത്ത രീതിയിൽ ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബില്ലിനോട് വിയോജിക്കുന്നു.

| | |
|---|---|
| ആബിദ് ഹുസൈൻ തങ്ങൾ | (ഒപ്പ്) |
| ടി. വി. ഇബ്രാഹിം | (ഒപ്പ്) |
| രാഹുൽ മാങ്കൂട്ടത്തിൽ | (ഒപ്പ്) |

അനുബന്ധം-II

# 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തു വരച്ചതും സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു .]

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്കാദമിക് കൗൺസിൽ" എന്നാൽ 24-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(ബി) "പഠന ബോർഡുകൾ" എന്നാൽ 25-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ പഠന ബോർഡുകൾ എന്നർത്ഥമാകുന്നു;

(സി) "നികായം" എന്നാൽ ഈ ആക്ക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ റെഗുലേഷനുകൾ പ്രകാരമോ രൂപീകരിക്കുന്ന നികായങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) "ചാൻസലർ" എന്നാൽ 14-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഇ) "പരീക്ഷാ കൺട്രോളർ" എന്നാൽ 18-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "ഡീൻമാരും ഡയറക്ടർമാരും" എന്നാൽ പഠന വകുപ്പിന്റെയോ ഒരു സ്ഥാപനത്തിന്റെയോ ഒരു കേന്ദ്രത്തിന്റെയോ ഒരു സ്കൂളിന്റെയോ തലവൻ അല്ലെങ്കിൽ അയാളുടെ അഭാവത്തിൽ അങ്ങനെ പ്രവർത്തിക്കാൻ നിയുക്തനായ വ്യക്തി എന്നർത്ഥമാകുന്നു;

(ജി) "പഠന വകുപ്പ്" എന്നാൽ ഒരു സർവ്വകലാശാലയുടെ പഠന വകുപ്പ് എന്നർത്ഥമാകുന്നതും അതിൽ ഒരു പഠന ഗവേഷണ കേന്ദ്രവും ഉൾപ്പെടുന്നതാകുന്നു;

(എച്ച് ) "ജീവനക്കാരൻ" എന്നാൽ സർവ്വകലാശാല നിയമിച്ച ഏതെങ്കിലും വ്യക്തി എന്നർത്ഥമാകുന്നതും അതിൽ അദ്ധ്യാപകനും മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "എക്സിക്യൂട്ടീവ് കൗൺസിൽ " എന്നാൽ 23-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ എന്നർത്ഥമാകുന്നു;

(ജെ) "വിദഗ്ദ്ധ സമിതി" എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട വിദഗ്ദ്ധ സമിതി എന്നർത്ഥമാകുന്നു;

(കെ) "ഫാക്കൽറ്റി" എന്നാൽ സർവ്വകലാശാലയിലെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

(എൽ) "ഫൈനാൻസ് കമ്മിറ്റി" എന്നാൽ 27-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ ഫൈനാൻസ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(എം) "ഫൈനാൻസ് ഓഫീസർ" എന്നാൽ 19-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എൻ) "ഗവേണിംഗ് കൗൺസിൽ" എന്നാൽ 22- ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

(ഒ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(പി) "ഹോസ്റ്റൽ" എന്നാൽ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്ഥാപിച്ചതോ നടത്തുന്നതോ അംഗീകരിച്ചതോ ആയ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസത്തിനുള്ള ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു;

(ക്യൂ) "സ്ഥാപനം" എന്നാൽ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്ഥാപിച്ചതോ നടത്തുന്നതോ അതുമായി ബന്ധപ്പെട്ടതോ ആയ ഒരു കോളേജ് അല്ലെങ്കിൽ സ്ഥാപനം എന്നർത്ഥമാകുന്നു;

(ആർ) "മൾട്ടി ഡിസിപ്ലിനറി" എന്നാൽ മാനവികം, സാമൂഹ്യശാസ്ത്രം, സാങ്കേതികശാസ്ത്രം, വാസ്തുവിദ്യ, ആരോഗ്യം, ആരോഗ്യവുമായി ബന്ധപ്പെട്ട സമാന പഠന മേഖലകൾ, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയവയിലും മറ്റ് വിജ്ഞാനശാഖകളിലും ഉള്ള പഠനം എന്നർത്ഥമാകുന്നു;

(എസ്) "പ്ലാനിംഗ് കമ്മിറ്റി" എന്നാൽ 28-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ പ്ലാനിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(റ്റി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ റെഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(യു) "പ്രോ-വൈസ്-ചാൻസലർ" എന്നാൽ 16-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(വി) " രജിസ്ട്രാർ" എന്നാൽ 17-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "റെഗുലേറ്ററി ബോഡി" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ, ബാർ കൗൺസിൽ ഓഫ് ഇന്ത്യ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ തുടങ്ങിയ മറ്റെല്ലാ റെഗുലേറ്ററി ബോഡികളും എന്നർത്ഥമാകുന്നു;

(എക്സ്) "ഗവേഷണ കൗൺസിൽ" എന്നാൽ 26-ാം വകുപ്പ് പ്രകാരം രൂപീകരികരിക്കപ്പെട്ട ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു;

(വൈ ) "പട്ടിക" എന്നാൽ ഈ ആക്റ്റിന് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഇസഡ് ) "സ്പോൺസറിംഗ് ബോഡി" എന്നാൽ 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ് (1882-ലെ 2-ാം കേന്ദ്ര ആക്റ്റ് ) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു ട്രസ്റ്റ് അല്ലെങ്കിൽ സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള ഏതെങ്കിലും ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘം അല്ലെങ്കിൽ 2013-ലെ കമ്പനീസ് ആക്റ്റ് (2013-ലെ 18-ാം കേന്ദ്ര ആക്റ്റ് ) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി എന്നർത്ഥമാകുന്നു;

(ഇസഡ്എ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഇസഡ്ബി ) "സംസ്ഥാന പൊതു സർവ്വകലാശാല" എന്നാൽ ഒരു നിയമംമൂലം സർക്കാർ സ്ഥാപിച്ചിട്ടുള്ളതും സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്നതുമായ സർവ്വകലാശാല എന്നർത്ഥമാകുന്നു;

(ഇസഡ്സി ) "സ്റ്റാറ്റ്യൂട്ടുകൾ", "ഓർഡിനൻസുകൾ", "റെഗുലേഷനുകൾ", "ബൈലാകൾ", "ചട്ടങ്ങൾ" എന്നിവയ്ക്ക് യഥാക്രമം, സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ്ഡി) "വിദ്യാർത്ഥി" എന്നാൽ ഒരു പഠന കോഴ്സിനായി യഥാവിധി സർവ്വകലാശാലയുടെ രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(ഇസഡ്ഇ) "സ്റ്റുഡന്റ്സ് കൗൺസിൽ" എന്നാൽ 29-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ സ്റ്റുഡന്റ്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(ഇസഡ്എഫ്) “അദ്ധ്യാപകൻ” എന്നാൽ ഒരു വിദ്യാർത്ഥിക്ക് ബോധനം നൽകുന്നതിനോ ഗവേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനോ വേണ്ടി സർവ്വകലാശാല നിയമിച്ചതോ അംഗീകരിച്ചതോ ആയ ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(ഇസഡ്ജി ) "യു.ജി.സി." എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റിന്റെ (1956-ലെ 3-ാം കേന്ദ്ര ആക്റ്റ് ) 4-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇസഡ്എച്ച് ) "സർവ്വകലാശാല" എന്നാൽ സ്വകാര്യ സർവ്വകലാശാല എന്നർത്ഥമാകുന്നു;

(ഇസഡ്ഐ) "വൈസ് -ചാൻസലർ" എന്നാൽ 15-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

3. സർവ്വകലാശാലയുടെ സ്വഭാവം.—(1) സർവ്വകലാശാല ഒരു മൾട്ടി ഡിസിപ്ലിനറി സർവ്വകലാശാല ആയിരിക്കേണ്ടതും അതിന്റെ സ്ഥാനം സംസ്ഥാനത്തിനകത്തായിരിക്കേണ്ടതുമാണ് :

എന്നാൽ, യു.ജി.സി.യും ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികളും അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി, സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും ഓഫ് -കാമ്പസ് സെന്ററുകളും ഓഫ് -ഷോർ കാമ്പസുകളും പഠന കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് സർവ്വകലാശാലയ്ക്ക് അനുമതി നൽകാവുന്നതാണ് .

(2) സർവ്വകലാശാല ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ് .

(3) സർവ്വകലാശാലയ്ക്ക് ഏകീകൃത സ്വഭാവമുണ്ടായിരിക്കുന്നതും ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ അഫിലിയേറ്റ് ചെയ്യാനോ അംഗീകരിക്കാനോ അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ് :

എന്നാൽ, സ്പോൺസറിംഗ് ബോഡിക്ക് , സർവ്വകലാശാലയെ ഒരു മൾട്ടി-കാമ്പസ് സർവ്വകലാശാലയായി സംസ്ഥാനത്തിനകത്ത് സ്ഥാപിക്കാവുന്നതാണ് :

എന്നിരുന്നാലും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ ആസ്ഥാന കാമ്പസ് അല്ലാത്ത കാമ്പസുകൾ സർവ്വകലാശാല സ്ഥാപിക്കാൻ പാടുള്ളതല്ല.

4. സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ.—[***] ഈ ആക്റ്റിൻ കീഴിൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി സ്പോൺസറിംഗ് ബോഡി താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ് , അതായത് :—

(എ) ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് കോടി രൂപയുടെ ഒരു എൻഡോവ്മെന്റ് ഫണ്ട് രൂപീകരിക്കുക;

(ബി) സർവ്വകലാശാലയ്ക്ക് വേണ്ടി റെഗുലേറ്ററി ബോഡികൾ അനുശാസിച്ചിട്ടുള്ളത് പ്രകാരമുള്ള ഭൂമി കൈവശം വയ്ക്കുക:

എന്നാൽ, സ്പോൺസറിംഗ് ബോഡിക്ക് , സർവ്വകലാശാലയെ ഒരു മൾട്ടി-കാമ്പസ് സർവ്വകലാശാലയായി സ്ഥാപിക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ, സർവ്വകലാശാലയുടെ ആസ്ഥാനത്തിന് അല്ലെങ്കിൽ രജിസ്റ്റേർഡ് ഓഫീസിന് വേണ്ടി നിർദ്ദേശിക്കപ്പെടുന്ന സ്ഥലത്ത് സ്പോൺസറിംഗ് ബോഡിക്ക് ഏറ്റവും കുറഞ്ഞത് പത്ത് ഏക്കർ ഭൂമി ഉണ്ടായിരിക്കേണ്ടതും, പ്രസ്തുത ഭൂമിയിൽ അതിന്റെ ഒരു കാമ്പസ് സ്ഥാപിക്കേണ്ടതുമാണ് :

എന്നിരുന്നാലും, സ്പോൺസറിംഗ് ബോഡി, അങ്ങനെയുള്ള ഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ പാട്ടത്തിന് നൽകുകയോ

ചെയ്യാൻ പാടില്ലാത്തതും സർവ്വകലാശാലയുടെ പ്രവർത്തനത്തിനായി ഈ ആക്ടിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ആവശ്യങ്ങൾക്കല്ലാതെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാൻ പാടില്ലാത്തതുമാണ് :

എന്നുമാത്രമല്ല, സർവ്വകലാശാല സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി വായ്പ ലഭിക്കുന്നതിന് തത്സമയം പ്രാപല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ സ്ഥാപിതമായ ഒരു ബാങ്കിനോ ധനകാര്യസ്ഥാപനത്തിനോ പണയപ്പെടുത്താവുന്നതും എന്നാൽ അങ്ങനെയുള്ള ഭൂമി മറ്റേതെങ്കിലും ആവശ്യങ്ങൾക്കായോ ഏതെങ്കിലും വ്യക്തിയ്ക്കോ പണയപ്പെടുത്താൻ പാടില്ലാത്തതുമാണ് ;

(സി) (ബി) ഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന ഭൂമിയിൽ കുറഞ്ഞത് ഇരുപത്തിനാലായിരം ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയുള്ള കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് അൻപത് ശതമാനം അക്കാദമികവും ഭരണപരവുമായ ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതുമാണ് :

എന്നാൽ, ബിൽറ്റ് -അപ്പ് ഏരിയ, പ്രതിശീർഷ വിസ്തീർണ്ണം അഞ്ച് ചതുരശ്ര മീറ്ററായി കണക്കാക്കിയുള്ള ആകെ വിസ്തീർണ്ണം അല്ലെങ്കിൽ ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികൾ കാലാകാലങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള വിസ്തീർണ്ണം അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള വിസ്തീർണ്ണം, ഏതാണോ ഏറ്റവും കൂടിയത് അതിൽ കുറയാൻ പാടില്ലാത്തതാണ് :

എന്നിരുന്നാലും, സ്പോൺസറിംഗ് ബോഡിക്ക് കീഴിലുള്ള സ്വകാര്യ സ്വാശ്രയ കോളേജിന്റെ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും സർവ്വകലാശാലയുടെ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ് ;

(ഡി) ബന്ധപ്പെട്ട റെഗുലേറ്ററി ബോഡി നിർദ്ദേശിക്കുന്ന പ്രകാരമുള്ള ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കുക;

(ഇ) ബന്ധപ്പെട്ട റെഗുലേറ്ററി ബോഡിയും സർക്കാരും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി അദ്ധ്യാപകരെ നിയമിക്കുക;

(എഫ് ) സർവ്വകലാശാലയിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുകയും അവർക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമം പ്രകാരമോ സർക്കാരോ ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികളോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും റെഗുലേഷൻ പ്രകാരമോ ആവശ്യമായ മറ്റ് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക;

(ജി) സർവ്വകലാശാലയുടെ സുതാര്യമായ പ്രവർത്തനം ഉറപ്പാക്കുകയും റെഗുലേറ്ററി ബോഡികളിൽ നിന്ന് ലഭിച്ച അനുമതികളും പ്രവേശനത്തിനുള്ള മാനദണ്ഡവും ഫീസ് ഘടനയും പൊതുമണ്ഡലത്തിൽ അറിയിക്കുകയും ചെയ്യുക;

(എച്ച് ) ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുകയും, ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ സംവിധാനം ബാധകമാക്കുകയും ചെയ്യുക ;

(ഐ) പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുകയും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്യുക;

(ജെ) സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ, സർക്കാർ നിശ്ചയിക്കുന്ന രീതിയിലും സമയക്രമവും അനുസരിച്ച് നൽകുക.

5. സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള അപേക്ഷ.—(1) ഒരു സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു സ്പോൺസറിംഗ് ബോഡിയും, പ്രൊപ്പോസലും പ്രോജക്ട് റിപ്പോർട്ടും അടങ്ങുന്ന ഒരു അപേക്ഷ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചേക്കാവുന്ന അപേക്ഷാ ഫീസ് സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതാണ് .

(2) പ്രോജക്ട് റിപ്പോർട്ടിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് , അതായത്:—

(എ) നിർദ്ദിഷ്ട സർവ്വകലാശാലയുടെ ഉദ്ദേശ്യവും വീക്ഷണവും;

(ബി) നിർദ്ദിഷ്ട സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത;

(സി) 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റോ (1882-ലെ 2-ാം കേന്ദ്ര ആക്റ്റ് ) സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള ഏതെങ്കിലും ആക്റ്റോ 2013-ലെ കമ്പനീസ് ആക്റ്റോ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ് ) പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ സഹിതമുള്ള സ്പോൺസറിംഗ് ബോഡിയുടെ വിശദാംശങ്ങൾ;

(ഡി) നിർദ്ദിഷ്ട വിഷയങ്ങളിലെ പ്രവർത്തിപരിചയവും, പ്രവർത്തനരംഗത്തെ വൈദഗ്ധ്യവും;

(ഇ) നിർദ്ദിഷ്ട സർവ്വകലാശാലയുടെ പേര് , സ്ഥലം, ആസ്ഥാനം;

(എഫ് ) സ്പോൺസറിംഗ് ബോഡിയ്ക്ക് അദ്ധ്യാപകരും അനദ്ധ്യാപകരും ഉണ്ടെങ്കിൽ അവരുൾപ്പെടെയുള്ള അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;

(ജി) സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, ഘടനാപരമായ സൗകര്യങ്ങളുടെ വികസനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഉപകരണങ്ങളുടെ ആർജ്ജനം തുടങ്ങിയ കാമ്പസ് വികസന പദ്ധതികളുടെ വിശദാംശങ്ങൾ;

(എച്ച് ) മൂലധന ചെലവുകളും അതിന്റെ സാമ്പത്തിക സ്രോതസ്സുകളും;

(ഐ) സർവ്വകലാശാല ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന നൂതന പ്രോഗ്രാമുകളുടെയും ഗവേഷണ പ്രോഗ്രാമുകളുടെയും സ്വഭാവവും രീതിയും;

(ജെ) ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങൾ;

(കെ) വിഭവ സമാഹരണത്തിനുള്ള പദ്ധതിയും അതിനുള്ള മൂലധനച്ചെലവും അങ്ങനെയുള്ള സ്രോതസ്സുകളിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള രീതിയും;

(എൽ) ആഭ്യന്തരമായി ഉണ്ടാക്കുന്ന വരുമാന സ്രോതസ്സുകളുടെ ഇനം തിരിച്ചുള്ള വിശദമായ സാമ്പത്തിക പ്രസ്താവനകളും പ്രധാന പ്രവർത്തന അനുപാതങ്ങളും;

(എം) സർവ്വകലാശാലയിലെ പഠന കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് പിന്തുടരാൻ ഉദ്ദേശിക്കുന്ന രീതി;

(എൻ) സർവ്വകലാശാലയിൽ അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കാൻ ഉദ്ദേശിക്കുന്ന രീതി;

(ഒ) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി, പ്രാദേശിക ആവശ്യങ്ങളുമായി ബന്ധപ്പെട്ടവ ഉൾപ്പെടെ, അത് ഏറ്റെടുക്കേണ്ട പ്രത്യേക അദ്ധ്യാപനത്തിന്റെയും പരിശീലനത്തിന്റെയും ഗവേഷണ പ്രവർത്തനങ്ങളുടെയും സ്വഭാവം;

(പി) ഗെയിംസും സ്പോർട്സും കൂടാതെ പാഠ്യേതര പ്രവർത്തനങ്ങളായ നാഷണൽ കേഡറ്റ് കോർപ്സ് , നാഷണൽ സർവീസ് സ്കീം തുടങ്ങിയവയ്ക്കായി ലഭ്യമായതോ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതോ ആയ കളിസ്ഥലങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വിശദാംശങ്ങൾ;

(ക്യൂ) അക്രഡിറ്റേഷനുകൾ ഉൾപ്പെടെയുള്ള അക്കാദമിക-ഗവേഷണ മികവിനായുള്ള പ്രാരംഭ പദ്ധതികളും അക്കാദമിക് ഓഡിറ്റിംഗും;

(ആർ) സാമ്പത്തികമായോ സാമൂഹികമായോ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് സർവ്വകലാശാല അനുവദിച്ചേക്കാവുന്ന ഫീസിളവോ റിബേറ്റോ സ്കോളർഷിപ്പുകളോ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയുടെ വിശദാംശങ്ങൾ;

(എസ്) റെഗുലേറ്ററി ബോഡികളുടെ മാനദണ്ഡങ്ങൾ പാലിക്കാനുള്ള പ്രതിബദ്ധത.

6. <u>അപേക്ഷ വിലയിരുത്തുന്നതിനുള്ള വിദഗ്ദ്ധ സമിതി</u>.—(1) സ്പോൺസറിംഗ് ബോഡിയിൽ നിന്ന് ലഭിക്കുന്ന അപേക്ഷ പരിശോധിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ് .

(2) വിദഗ്ദ്ധ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസരംഗത്തെ ഒരു അക്കാദമിക വിദഗ്ധൻ- ചെയർപേഴ്സൺ;

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന പൊതു സർവ്വകലാശാലയുടെ ഒരു വൈസ് -ചാൻസലർ - അംഗം;

(iii) സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ വകുപ്പ് - കൺവീനർ;

(iv) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;

(v) കേരള സംസ്ഥാന ആസൂത്രണ ബോർഡ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;

(vi) സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ജില്ലയിലെ കളക്ടർ - അംഗം.

(3) വിദഗ്ദ്ധ സമിതി 5-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ പരിശോധിക്കേണ്ടതാണ് :

എന്നാൽ, വിദഗ്ദ്ധ സമിതിക്ക് അതിന് യുക്തമെന്ന് തോന്നുന്ന മറ്റേതെങ്കിലും ഘടകങ്ങളും പരിശോധിക്കാവുന്നതാണ് :

എന്നിരുന്നാലും, വിദഗ്ദ്ധ സമിതിക്ക് , അപേക്ഷയും പ്രോജക്ട് റിപ്പോർട്ടും പരിഗണിക്കുമ്പോൾ, ഈ ആവശ്യത്തിലേയ്ക്കായി അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് വിവരങ്ങൾ സ്പോൺസറിംഗ് ബോഡിയിൽ നിന്ന് ആവശ്യപ്പെടാവുന്നതാണ് .

(4) വിദഗ്ദ്ധ സമിതി, അതിന്റെ രൂപീകരണ തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ സർക്കാരിന് സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് ശിപാർശ നൽകേണ്ടതാണ് .

7. വിദഗ്ധ സമിതി റിപ്പോർട്ടിന്മേലുള്ള സർക്കാരിന്റെ തീരുമാനം.—(1) സർക്കാർ, വിദഗ്ധ സമിതിയുടെ ശിപാർശ പരിഗണിച്ചതിനുശേഷം പ്രൊപ്പോസൽ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ തീരുമാനമെടുക്കുകയോ സ്പോൺസറിംഗ് ബോഡിയോട് പ്രൊപ്പോസലിൽ മാറ്റം വരുത്തുന്നതിന് ആവശ്യപ്പെടുകയോ അതിൽ നിന്ന് അധിക വിവരങ്ങൾ തേടുകയോ ചെയ്യേണ്ടതാണ് .

(2) പൂർണ്ണമായ വിവരങ്ങൾ ലഭ്യമായശേഷം സർക്കാർ, അതനുസംഗതിപോലെ, രണ്ട് മാസങ്ങൾക്കുള്ളിൽ പ്രൊപ്പോസൽ അംഗീകരിച്ചു കൊണ്ടോ നിരസിച്ചു കൊണ്ടോ അതിന്റെ തീരുമാനം സ്പോൺസറിംഗ് ബോഡിയെ അറിയിക്കേണ്ടതാണ് .

(3) സർക്കാർ അനുമതി നൽകുന്നപക്ഷം, സ്പോൺസറിംഗ് ബോഡി, ഈ ആക്റ്റിലെ 5-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ആവശ്യകതകളും നിബന്ധനകളും നിറവേറ്റേണ്ടതും അനുമതി നൽകിയ തീയതി മുതൽ പരമാവധി രണ്ട് വർഷത്തിനുള്ളിൽ ഒരു സത്യവാങ്മൂലത്തോടൊപ്പം നടപടി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ് :

എന്നാൽ സർക്കാരിന് , പ്രസ്തുത കാലാവധിയ്ക്കുള്ളിൽ അപ്രകാരമൊരു സത്യവാങ്മൂലവും റിപ്പോർട്ടും സ്പോൺസറിംഗ് ബോഡി ലഭ്യമാക്കാത്തപക്ഷം സർക്കാരിന് പരമാവധി ആറ് മാസത്തേയ്ക്ക് കൂടി സമയം ദീർഘിപ്പിച്ചു നൽകാവുന്നതും പ്രസ്തുത സമയത്തിനുള്ളിലും അത് ലഭ്യമാക്കാത്തപക്ഷം അനുമതി സ്വമേധയാ റദ്ദായതായി കരുതപ്പെടേണ്ടതുമാണ് .

(4) ഈ ആക്റ്റിലെ 4-ാം വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ സ്പോൺസറിംഗ് ബോഡി വീഴ്ചവരുത്തിയാൽ, സ്പോൺസറിംഗ് ബോഡിക്ക് നൽകിയ അനുമതി പിൻവലിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ് .

8. സർവ്വകലാശാലയുടെ സ്ഥാപനം അല്ലെങ്കിൽ ഏകാംഗീകരണം.—സർക്കാരിന് , വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പോൺസറിംഗ് ബോഡി നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെടുന്നപക്ഷം സംസ്ഥാന നിയമസഭ പാസാക്കുന്ന ഒരു നിയമം മുഖേന സർവ്വകലാശാലയുടെ പേര് , സ്ഥാനം, മറ്റ് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി ഈ ആക്റ്റിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക ഭേദഗതി ചെയ്തുകൊണ്ട് ഒരു സർവ്വകലാശാല സ്ഥാപിക്കാവുന്നതാണ് .

9. സർവ്വകലാശാലയുടെ ആരംഭം.—(1) സർക്കാർ വിജ്ഞാപനം മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ സർവ്വകലാശാല അതിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ് .

(2) ഈ ആക്റ്റിൽ പരാമർശിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കപ്പെട്ടിട്ടുണ്ടെന്ന് സ്പോൺസറിംഗ് ബോഡിയിൽ നിന്ന് രേഖകൾ സഹിതം ഒരു സത്യവാങ്മൂലം ലഭിച്ചതിന് ശേഷവും അത് സംബന്ധിച്ച് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന് ശേഷവും മാത്രം സർക്കാർ, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ് .

10. ഗ്രാന്റുകളും സാമ്പത്തിക സഹായവും.—ഓരോ സർവ്വകലാശാലയും ഒരു സ്വാശ്രയ സർവ്വകലാശാല ആയിരിക്കേണ്ടതും പരിപാലന ചെലവോ ഗ്രാന്റ്-ഇൻ-എയ്ഡോ സർക്കാരിൽ നിന്നുള്ള മറ്റേതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായമോ ആവശ്യപ്പെടാൻ പാടില്ലാത്തതും അർഹതയില്ലാത്തതുമായിരിക്കുന്നതുമാണ് :

എന്നാൽ, ഇത് മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക ഗ്രാന്റോ സാമ്പത്തിക പിന്തുണയോ ലഭിക്കാവുന്നതോ അല്ലാത്തതോ ആയ ഗവേഷണ പ്രോജക്റ്റുകൾക്കോ മറ്റേതെങ്കിലും അക്കാദമിക് പ്രോജക്റ്റുകൾക്കോ അപേക്ഷിക്കുന്നതിന് ഒരു സർവ്വകലാശാലയ്ക്ക് തടസ്സമാകാൻ പാടില്ലാത്തതാണ് :

എന്നിരുന്നാലും, ഒരു സർവ്വകലാശാലയ്ക്ക് ഏതെങ്കിലും നിശ്ചിത ഗവേഷണത്തിനോ പ്രോഗ്രാമിനോ വേണ്ടി സർക്കാരുമായോ കേന്ദ്ര സർക്കാരുമായോ അതിന്റെ ഏജൻസികളുമായോ ധാരണാപത്രത്തിൽ ഒപ്പിടുകയോ സഹകരിക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള സംഗതികളിൽ, അതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം അതിന് സ്വീകരിക്കാവുന്നതുമാണ് .

11. സർവ്വകലാശാലയുടെ അധികാരങ്ങൾ.—ഓരോ സർവ്വകലാശാലയ്ക്കും താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ് , അതായത് :—

(എ) സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള പഠന ശാഖകളിൽ ബോധനം നൽകുന്നതിനായി വ്യവസ്ഥ ചെയ്യുകയും ഗവേഷണം നടത്തുന്നതിലേയ്ക്കും അറിവും വൈദഗദ്ധ്യവും പുരോഗമിപ്പിക്കുന്നതിലേയ്ക്കും, വ്യാപിപ്പിക്കുന്നതിലേയ്ക്കും, പ്രയോഗിക്കുന്നതിലേയ്ക്കും വേണ്ടിയുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയും ചെയ്യുക;

(ബി) അതിന്റെ കാമ്പസ് മുഖേന മാനവികം, സാമൂഹ്യശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വാസ്തുവിദ്യ, ആരോഗ്യം, ആരോഗ്യവുമായി ബന്ധപ്പെട്ട അനുബന്ധ പഠന മേഖലകൾ, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയവയിലും മറ്റേതെങ്കിലും പ്രൊഫഷണൽ കോഴ്സുകളിലും അദ്ധ്യയനം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(സി) പ്രൊഫസർ എമറിറ്റസ് എന്ന പദവി നൽകി വിദ്യാഭ്യാസ വിചക്ഷണരെയും അക്കാദമിക് രംഗത്തെ പ്രമുഖരെയും ആദരിക്കുക;

(ഡി) സർവ്വകലാശാല നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി പരീക്ഷകൾ, മൂല്യനിർണ്ണയം അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ ഡിപ്ലോമകളോ സർട്ടിഫിക്കറ്റുകളോ ബിരുദങ്ങളോ മറ്റ് അക്കാദമിക ബഹുമതികളോ നൽകുകയും ശരിയായതും മതിയായതുമായ കാരണത്താൽ അങ്ങനെയുള്ള ഡിപ്ലോമകൾ, സർട്ടിഫിക്കറ്റുകൾ, ബിരുദങ്ങൾ അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ പിൻവലിക്കുകയും ചെയ്യുക;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഓണററി ബിരുദങ്ങളോ മറ്റ് ബഹുമതികളോ നൽകുക;

(എഫ് ) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ അല്ലാത്ത വ്യക്തികൾക്ക് അത് നിശ്ചയിച്ചേക്കാവുന്ന രീതിയിൽ വിദ്യാഭ്യാസവും പരിശീലനവും നൽകുക;

(ജി) സർവ്വകലാശാലയ്ക്ക് ആവശ്യമായ ഡയറക്ടർഷിപ്പുകൾ, പ്രൊഫസർഷിപ്പുകൾ, അസോസിയേറ്റ് പ്രൊഫസർഷിപ്പുകൾ, റീഡർഷിപ്പുകൾ, അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകൾ, ലക്ചറർഷിപ്പുകൾ എന്നിവ ഏർപ്പെടുത്തുകയും അതിലേയ്ക്ക് നിയമനം നടത്തുകയും ചെയ്യുക;

(എച്ച് ) മറ്റ് അദ്ധ്യാപക അല്ലെങ്കിൽ അക്കാദമിക് തസ്തികകൾ എന്നിവ സൃഷ്ടിക്കുകയും അതിലേയ്ക്ക് നിയമനങ്ങൾ നടത്തുകയും ചെയ്യുക;

(ഐ) അഡ്മിനിസ്ട്രേറ്റീവ് , മിനിസ്റ്റീരിയൽ, മറ്റ് തസ്തികകൾ എന്നിവ സൃഷ്ടിക്കുകയും അതിലേയ്ക്ക് നിയമനങ്ങൾ നടത്തുകയും ചെയ്യുക;

(ജെ) മറ്റേതെങ്കിലും സർവ്വകലാശാലയിലോ സംഘടനയിലോ ജോലി ചെയ്യുന്ന പ്രഗത്ഭരായ വ്യക്തികളെ സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേയ്ക്കോ നിയമിക്കുക;

(കെ) സർവ്വകലാശാല നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യത്തിനും ഇൻഡ്യയിലും വിദേശത്തുമുള്ള മറ്റേതെങ്കിലും സർവ്വകലാശാലയുമായോ അധികാരസ്ഥാനവുമായോ സ്ഥാപനവുമായോ സഹകരിക്കുകയോ സഹപ്രവർത്തിക്കുകയോ സഹവർത്തിക്കുകയോ ചെയ്യുക;

(എൽ) സർവ്വകലാശാലയുടെ അഭിപ്രായത്തിൽ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള സ്കൂളുകൾ, കേന്ദ്രങ്ങൾ, പ്രത്യേക ലബോറട്ടറികൾ അല്ലെങ്കിൽ ഗവേഷണത്തിനും ബോധനത്തിനുമായുള്ള മറ്റ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക;

(എം) ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, മെഡലുകൾ, പുരസ്കാരങ്ങൾ എന്നിവ ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക;

(എൻ) സർവ്വകലാശാലയ്ക്കകത്ത് താമസസ്ഥലങ്ങളും ഹോസ്റ്റലുകളും സ്ഥാപിക്കുകയും പരിപാലിക്കുകയും മേൽനോട്ടം വഹിക്കുകയും വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ആരോഗ്യവും പൊതുവായ ക്ഷേമ പ്രവർത്തനങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക;

(ഒ) ഗവേഷണത്തിനും കൺസൾട്ടൻസിക്കുമുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയും അപ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, സർവ്വകലാശാലയ്ക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങളുമായോ നികായങ്ങളുമായോ അങ്ങനെയുള്ള ക്രമീകരണങ്ങളിൽ ഏർപ്പെടുകയും ചെയ്യുക;

(പി) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി, അതതുസംഗതിപോലെ, ഒരു കേന്ദ്രം, സ്ഥാപനം, വകുപ്പ് അല്ലെങ്കിൽ സ്കൂൾ സ്ഥാപിക്കുക;

(ക്യൂ) സർവ്വകലാശാലയിലേയ്ക്കുള്ള പ്രവേശനത്തിനായി പരീക്ഷയോ മൂല്യനിർണ്ണയമോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള പരിശോധനയോ ഉൾപ്പെട്ടേക്കാവുന്ന പ്രവേശന മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(ആർ) ഫീസും മറ്റ് ചാർജ്ജുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക;

(എസ് ) സർവ്വകലാശാലയ്ക്ക് അതിന് യുക്തമെന്ന് തോന്നുന്ന വിധത്തിൽ സ്ത്രീകളുടെയും സാമ്പത്തികമോ സാമൂഹികമോ ശാരീരികമോ ആയ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെയും താമസം, അച്ചടക്കം, അദ്ധ്യയനം എന്നിവയുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള ക്രമീകരണങ്ങൾ നടത്തുക;

(റ്റി) സർവ്വകലാശാലയിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ അച്ചടക്കം ഉറപ്പുവരുത്തുകയും സർവ്വകലാശാലയ്ക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അച്ചടക്കനടപടികൾ കൈക്കൊള്ളുകയും ചെയ്യുക;

(യു) സർവ്വകലാശാലയിലെ ജീവനക്കാരുടെ ആരോഗ്യവും പൊതുവായ ക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക;

(വി) സർവ്വകലാശാലയുടെ വസ്തുവകകളിന്മേൽ ഈടില്ലാതെയോ പണയം മുഖേനയോ ഭൂപണയം വഴിയോ സ്പോൺസറിംഗ് ബോഡിയുടെ അംഗീകാരത്തോടെ കടം വാങ്ങുക;

(ഡബ്ല്യു) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അക്കാദമിക സംഭാവന നൽകാൻ യോഗ്യരായ വിസിറ്റിംഗ് പ്രൊഫസർമാർ, എമിറിറ്റസ് പ്രൊഫസർമാർ, കൺസൾട്ടന്റുകൾ, ഫെലോകൾ, പണ്ഡിതന്മാർ, കലാകാരന്മാർ, ഉള്ളടക്ക രചയിതാക്കൾ എന്നിവരെയും അങ്ങനെയുള്ള മറ്റ് വ്യക്തികളെയും കരാർ അടിസ്ഥാനത്തിലോ മറ്റ് വിധത്തിലോ നിയമിക്കുക;

(എക്സ് ) എക്സ്ട്രാമ്യൂറൽ സ്റ്റഡീസും എക്സ്റ്റൻഷൻ സേവനങ്ങളും ആസൂത്രണം ചെയ്യുകയും ഏറ്റെടുക്കുകയും ചെയ്യുക;

(വൈ) സർവ്വകലാശാലയുടെ എല്ലാമോ ഏതെങ്കിലുമോ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ആവശ്യമായതോ ആകസ്മികമോ അല്ലെങ്കിൽ സഹായകരമോ ആയ അങ്ങനെയുള്ള മറ്റെല്ലാ പ്രവൃത്തികളും കാര്യങ്ങളും ചെയ്യുക.

12. <u>പ്രവേശനം</u>.—(1) എല്ലാ സർവ്വകലാശാലയും, അതതുസംഗതിപോലെ, ഈ ആക്റ്റിലെയും ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കും, യു.ജി.സി.യുടെയും മറ്റ് റെഗുലേറ്ററി ബോഡികളുടെയും റെഗുലേഷനുകൾക്കും വിധേയമായി, എല്ലാ വ്യക്തികൾക്കും പ്രവേശനം നൽകേണ്ടതാണ് :

എന്നാൽ, (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെട്ട അക്കാദമിക് യോഗ്യതയോ നിലവാരമോ ഇല്ലാത്ത ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും പഠനകോഴ്സിലേയ്ക്ക് പ്രവേശിപ്പിക്കുന്നതിനോ ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ നൽകുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തേക്കാൾ താഴ്ന്ന അക്കാദമിക റിക്കാർഡുള്ളതോ ആയ ഏതെങ്കിലും വിദ്യാർത്ഥിയെ സർവ്വകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിർത്തുന്നതിനോ ഉള്ള ബാധ്യത സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതല്ല .

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രവേശന പ്രക്രിയയ്ക്കും വിധേയമായി, സർവ്വകലാശാല ഓരോ പഠന കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്കായി നീക്കി വയ്ക്കേണ്ടതാണ് .

(3) (2)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള എല്ലാ വിഭാഗങ്ങളിലുമുള്ള നാൽപത് ശതമാനം സീറ്റുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം നിലവിലുള്ള നിയമപ്രകാരമുള്ള സംവരണം പാലിച്ചാണ് നടത്തുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ് .

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനായി "സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾ" എന്നാൽ:—

(i) യോഗ്യതാ പരീക്ഷയ്ക്ക് മുൻപുള്ള അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ സംസ്ഥാനത്ത് താമസിച്ചിട്ടുള്ളതോ അല്ലെങ്കിൽ മാതാപിതാക്കളിൽ ഒരാൾ സംസ്ഥാനത്ത് താമസിച്ചിട്ടുള്ളതോ ആയ വിദ്യാർത്ഥി;

(ii) യോഗ്യതാ പരീക്ഷക്ക് തൊട്ടുമുൻപുള്ള അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ച ഒരു വിദ്യാർത്ഥി.

13. സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർ .—താഴെപ്പറയുന്നവർ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്മാരായിരിക്കുന്നതാണ്, അതായത്:—

(എ) ചാൻസലർ ;

(ബി) വൈസ്-ചാൻസലർ ;

(സി) പ്രോ-വൈസ്-ചാൻസലർ ;

(ഡി) രജിസ്ട്രാർ ;

(ഇ) ഡീൻ;

(എഫ്) ഡയറക്ടർ ;

(ജി) ഫൈനാൻസ് ഓഫീസർ ;

(എച്ച്) പരീക്ഷാ കൺട്രോളർ ;

(ഐ) സർവ്വകലാശാലയിലെ ഓഫീസർമാരായി സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം പ്രഖ്യാപിച്ചേക്കാവുന്ന മറ്റ് വ്യക്തികൾ .

14. ചാൻസലർ.—(1) സ്പോൺസറിംഗ് ബോഡി, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറിശാസ്ത്രവും, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവികം, സാഹിത്യം, കല, സാംസ്കാരികം, നിയമം, വ്യവസായം, വാണിജ്യം അല്ലെങ്കിൽ പൊതുഭരണം എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്:

എന്നാൽ, ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, സ്പോൺസറിംഗ് ബോഡി ഒരു താൽക്കാലിക ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) ചാൻസലർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷ കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(3) ചാൻസലർ സർവ്വകലാശാലയുടെ തലവനായിരിക്കുന്നതാണ്.

(4) ചാൻസലർ, ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങളിലും ബിരുദങ്ങൾ, ഡിപ്ലോമകൾ അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതികൾ നൽകുന്നതിനുള്ള സർവ്വകലാശാലയുടെ ബിരുദദാനച്ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(5) ചാൻസലർക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതായത്:—

(എ) ഏതെങ്കിലും വിവരമോ രേഖയോ വിളിച്ചുവരുത്തുക;

(ബി) ചട്ടങ്ങൾ പ്രകാരം വൈസ് -ചാൻസലറെ നിയമിക്കുകയും നീക്കം ചെയ്യുകയും ചെയ്യുക;

(സി) ഗവേണിംഗ് കൗൺസിലിനെ നിയമിക്കുക;

(ഡി) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ.

15. <u>വൈസ് -ചാൻസലർ</u>.—(1) ചാൻസലർ, യു.ജി.സി. നിർണ്ണയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അങ്ങനെയുള്ള യോഗ്യതകളും മാനദണ്ഡങ്ങളുമുള്ള ഒരാളെ വൈസ് -ചാൻസലറായി നിയമിക്കേണ്ടതാണ്.

(2) വൈസ്-ചാൻസലർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, വൈസ്-ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് അഞ്ച് വർഷത്തേക്കുള്ള ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) വൈസ് -ചാൻസലർ സർവ്വകലാശാലയുടെ മുഖ്യഭരണനിർവ്വഹണ- അക്കാദമിക ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും സർവ്വകലാശാലയുടെ കാര്യങ്ങളിൽ പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉണ്ടായിരിക്കുന്നതും സർവ്വകലാശാലയുടെ വിവിധ അധികാരസ്ഥാനങ്ങളുടെ തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

(4) ചാൻസലറുടെ അഭാവത്തിൽ, വൈസ് -ചാൻസലർ സർവ്വകലാശാലയുടെ ബിരുദദാനച്ചടങ്ങിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(5) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും വ്യവസ്ഥകൾ ശരിയായി പാലിക്കുകയും നടപ്പാക്കുകയും ചെയ്യുന്നത് ഉറപ്പുവരുത്തേണ്ടത് വൈസ് -ചാൻസലറുടെ ചുമതലയായിരിക്കുന്നതും ഈ ആവശ്യത്തിലേയ്ക്കായി ആവശ്യമായ എല്ലാ അധികാരങ്ങളും അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

(6) എക്സിക്യൂട്ടീവ് കൗൺസിലോ അക്കാദമിക് കൗൺസിലോ സമ്മേളിച്ചിരിക്കുമ്പോൾ ഒഴികെ, എപ്പോഴെങ്കിലും വൈസ് -ചാൻസലർക്ക് ഏത് സമയത്തും, ഈ ആക്റ്റിൻ കീഴിലോ ആക്റ്റ് പ്രകാരമോ, എക്സിക്യൂട്ടീവ് കൗൺസിലിലോ അക്കാദമിക് കൗൺസിലിലോ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗം ഉൾക്കൊള്ളുന്ന സത്വര നടപടി താൻ എടുക്കേണ്ട ഒരു അടിയന്തരാവസ്ഥ ഉണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യമായാൽ വൈസ് -ചാൻസലർക്ക് അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടി എടുക്കാവുന്നതും, അതനുസംഗതിപോലെ, എക്സിക്യൂട്ടീവ് കൗൺസിലിന്റെയോ അക്കാദമിക് കൗൺസിലിന്റെയോ അടുത്ത സമ്മേളനത്തിൽ പ്രസ്തുത അധികാരസ്ഥാനത്തിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള നടപടി എടുക്കുന്നതിനായി താൻ എടുത്ത നടപടി അതിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(7) സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, വൈസ് -ചാൻസലർക്ക് ഈ ആക്റ്റിന്റെ 13-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഒഴികെയുള്ള സർവ്വകലാശാലയുടെ ഏതെങ്കിലും ജീവനക്കാരനെ നിയമിക്കുന്നതിനും സസ്പെന്റ് ചെയ്യുകയോ പിരിച്ചുവിടുകയോ അല്ലെങ്കിൽ മറ്റ് വിധത്തിൽ ശിക്ഷിക്കുകയോ ചെയ്യുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(8) വൈസ് -ചാൻസലർക്ക് സർവ്വകലാശാലയുടെ മറ്റേതെങ്കിലും അധികാരസ്ഥാനങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(9) വൈസ് -ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(10) വൈസ് -ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(11) വൈസ് -ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുകയോ വൈസ് -ചാൻസലർ താൽക്കാലികമായി സന്നിഹിതനാകാതിരിക്കുകയോ ചെയ്താൽ പ്രോ -വൈസ് -ചാൻസലർ, വൈസ് -ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

(12) വൈസ് -ചാൻസലറുടെയും പ്രോ -വൈസ് -ചാൻസലറുടെയും താൽക്കാലികമായ അഭാവത്തിൽ എക്സിക്യൂട്ടീവ് കൗൺസിൽ, സീനിയോറിറ്റി അനുസരിച്ചുള്ള മൂന്ന് പേരുടെ ഒരു പാനലിൽ നിന്നും സർവ്വകലാശാലയിലെ ഒരു സീനിയർ പ്രൊഫസറെ തെരഞ്ഞെടുക്കേണ്ടതും അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വൈസ് -ചാൻസലറുടെയും പ്രൊ-വൈസ് -ചാൻസലറുടെയും അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

(13) വൈസ് -ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് സ്ഥിരമായ ഒഴിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ, ഒഴിവുണ്ടായി ഒരു മാസത്തിനകം വൈസ് -ചാൻസലറെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ ചാൻസലർ ആരംഭിക്കേണ്ടതും അങ്ങനെയുള്ള നിയമനം നടക്കുന്നതുവരെ വൈസ് -ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി എക്സിക്യൂട്ടീവ് കൗൺസിൽ സീനിയോറിറ്റി അനുസരിച്ചുള്ള മൂന്ന് പേരുടെ ഒരു പാനലിൽ നിന്നും സർവ്വകലാശാലയിലെ ഒരു സീനിയർ പ്രൊഫസറെ തെരഞ്ഞെടുക്കേണ്ടതും അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വൈസ് - ചാൻസലറെ നിയമിക്കുന്നതുവരെ വൈസ് -ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

16. <u>പ്രോ-വൈസ് -ചാൻസലർ</u> .—(1) വൈസ് -ചാൻസലറുടെ ശിപാർശ പ്രകാരം എക്സിക്യൂട്ടീവ് കൗൺസിൽ പ്രോ-വൈസ് -ചാൻസലറെ നിയമിക്കേണ്ടതാണ് .

(2) പ്രോ-വൈസ് -ചാൻസലറുടെ ഔദ്യോഗിക കാലാവധി വൈസ് -ചാൻസലറുടെ കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് അവസാനിക്കുന്നതാണ് .

(3) പ്രോ-വൈസ് -ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തിന് യു.ജി.സി. കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന യോഗ്യതയുണ്ടായിരിക്കേണ്ടതുമാണ് .

(4) സർവ്വകലാശാല ഫണ്ടിന്റെ ദുർവിനിയോഗമോ ദുർഭരണമോ അല്ലെങ്കിൽ പെരുമാറ്റദൂഷ്യം എന്നീ കുറ്റാരോപണങ്ങളിന്മേൽ ലിഖിതമായ ഒരു ഉത്തരവ് വഴി പ്രോ-വൈസ് -ചാൻസലറെ ഔദ്യോഗികസ്ഥാനത്ത് നിന്നും നീക്കം ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ് :

എന്നാൽ, അപ്രകാരം നീക്കം ചെയ്യപ്പെടുന്നതിന് മുൻപ് ചാൻസലർ നിയമിച്ച സമിതി നടത്തുന്ന ഒരു അന്വേഷണവിചാരണ വഴി അങ്ങനെയുള്ള കുറ്റാരോപണങ്ങൾ തെളിയിക്കേണ്ടതാണ് :

എന്നിരുന്നാലും, തനിക്കെതിരായി എടുക്കാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കാൻ അദ്ദേഹത്തിന് ന്യായമായ ഒരു അവസരം നൽകാത്തപക്ഷം ഈ വകുപ്പിൻ കീഴിൽ പ്രോ -വൈസ്-ചാൻസലറെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) പ്രോ-വൈസ് -ചാൻസലറുടെ ശമ്പളവും മറ്റ് സേവനവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് .

(6) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, പ്രോ-വൈസ് -ചാൻസലറുടെ അധികാരങ്ങളും ചുമതലകളും വൈസ് -ചാൻസലറുമായി കൂടിയാലോചിച്ച് എക്സിക്യൂട്ടീവ് കൗൺസിൽ നിശ്ചയിക്കേണ്ടതും പ്രോ-വൈസ് -ചാൻസലർ യഥാസമയം അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ് .

17. <u>രജിസ്ട്രാർ</u> .—(1) രജിസ്ട്രാർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ് .

(2) രജിസ്ട്രാർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് :

എന്നാൽ, രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരു വ്യക്തിക്ക് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(3) രജിസ്ട്രാർ , സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

(4) സർവ്വകലാശാലയോ സർവ്വകലാശാലയ്ക്കെതിരെയോ ബോധിപ്പിക്കുന്ന വ്യവഹാരങ്ങളോ മറ്റ് നിയമനടപടികളോ രജിസ്ട്രാറോ രജിസ്ട്രാർക്ക് എതിരായോ ബോധിപ്പിക്കേണ്ടതാണ് .

(5) രജിസ്ട്രാറിന് , സർവ്വകലാശാലയ്ക്ക് വേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനും രേഖകളിൽ ഒപ്പ് വയ്ക്കുന്നതിനും റിക്കാർഡുകൾ പ്രമാണീകരിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

(6) രജിസ്ട്രാർ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ എന്നിവയുടെ മെമ്പർ സെക്രട്ടറിയായിരിക്കുന്നതാണ് .

18. <u>പരീക്ഷാ കൺട്രോളർ</u> .—(1) പരീക്ഷാ കൺട്രോളർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ് .

(2) പരീക്ഷാ കൺട്രോളർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് :

എന്നാൽ, പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരു വ്യക്തിക്ക് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(3) പരീക്ഷാ കൺട്രോളർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

19. <u>ഫൈനാൻസ് ഓഫീസർ</u>.—(1) ഫൈനാൻസ് ഓഫീസർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ് .

(2) ഫൈനാൻസ് ഓഫീസർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് :

എന്നാൽ, ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരു വ്യക്തിക്ക് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(3) ഫൈനാൻസ് ഓഫീസർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ് .

20. <u>മറ്റ് ഉദ്യോഗസ്ഥർ</u>.—ഒരു സർവ്വകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥരുടെ നിയമന രീതിയും അധികാരങ്ങളും ചുമതലകളും ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ റെഗുലേഷനുകളാലോ യു.ജി.സി. പുറപ്പെടുവിക്കുന്ന റെഗുലേഷനുകളാലോ, സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളാലോ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആയിരിക്കുന്നതാണ് .

21. <u>സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ</u>.—താഴെപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുന്നതാണ് , അതായത് :—

(എ) ഗവേണിംഗ് കൗൺസിൽ;

(ബി) എക്സിക്യൂട്ടീവ് കൗൺസിൽ;

(സി) അക്കാദമിക് കൗൺസിൽ;

(ഡി) പഠന ബോർഡുകൾ;

(ഇ) ഫൈനാൻസ് കമ്മിറ്റി;

(എഫ് ) പ്ലാനിംഗ് കമ്മിറ്റി;

(ജി) ഗവേഷണ കൗൺസിൽ ; കൂടാതെ

(എച്ച് ) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനങ്ങൾ.

22. <u>ഗവേണിംഗ് കൗൺസിൽ</u>.—(1) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് , അതായത് :—

(എ) ചാൻസലർ;

(ബി) വൈസ് -ചാൻസലർ;

(സി) സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു സെക്രട്ടറി;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രഗത്ഭനായ ഒരു വിദ്യാഭ്യാസ വിചക്ഷണൻ;

(എഫ് ) സ്പോൺസറിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന നാല് വ്യക്തികൾ, അവരിൽ രണ്ട് പേർ പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ധരായിരിക്കേണ്ടതാണ് ;

(ജി) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള മാനേജ്മെന്റിലെ അല്ലെങ്കിൽ സാങ്കേതികവിദ്യയിലെ ഒരു വിദഗ്ധൻ;

(എച്ച്) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ധനകാര്യ വിദഗ്ധൻ;

(ഐ) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന അസോസിയേറ്റ് പ്രൊഫസർ പദവിയിൽ താഴെയല്ലാത്ത സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ.

(2) ഗവേണിംഗ് കൗൺസിൽ ഓരോ അഞ്ച് വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കേണ്ടതാണ്.

(3) ഗവേണിംഗ് കൗൺസിൽ കുറഞ്ഞത് വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(4) യോഗത്തിന്റെ ക്വാറം മൊത്തം അംഗങ്ങളുടെ അൻപത് ശതമാനമായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ നയങ്ങളോ നിർദ്ദേശങ്ങളോ ഉൾപ്പെടുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട എല്ലാ യോഗങ്ങളിലും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗമോ പങ്കെടുത്തിരിക്കേണ്ടതാണ്.

(5) ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള എല്ലാ അധികാരങ്ങളും വിനിയോഗിച്ചുകൊണ്ട് സർവ്വകലാശാലയുടെ പൊതുവായ മേൽനോട്ടം വഹിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുക;

(ബി) സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(സി) ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റെഗുലേഷനുകളിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതിരിക്കുന്ന സംഗതിയിൽ, സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളുടെ തീരുമാനങ്ങൾ പുനഃപരിശോധിക്കുക;

(ഡി) സർവ്വകലാശാലയുടെ ബജറ്റും വാർഷിക റിപ്പോർട്ടും അംഗീകരിക്കുക;

(ഇ) സർവ്വകലാശാല പിന്തുടരേണ്ട വിപുലമായ നയങ്ങൾ രൂപീകരിക്കുക;

(എഫ് ) തുടരെയുള്ള പരിശ്രമത്തിന് ശേഷവും സർവ്വകലാശാലയുടെ പ്രവർത്തനം സുഗമമായി നടക്കാത്ത സാഹചര്യമുണ്ടാകുന്ന സംഗതിയിൽ, സർവ്വകലാശാല പിരിച്ചുവിടാൻ സ്പോൺസറിംഗ് ബോഡിയോട് ശിപാർശ ചെയ്യുക; കൂടാതെ

(ജി) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ.

23. <u>എക്സിക്യൂട്ടീവ് കൗൺസിൽ</u>.—(1) എക്സിക്യൂട്ടീവ് കൗൺസിൽ സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കുന്നതാണ് .

(2) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് , അതായത് :—

(എ) വൈസ് -ചാൻസലർ;

(ബി) പ്രോ-വൈസ് -ചാൻസലർ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രഗത്ഭനായ ഒരു വിദ്യാഭ്യാസ വിചക്ഷണൻ;

(ഡി) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേണിംഗ് കൗൺസിലിലെ മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകനായിരിയ്ക്കേണ്ടതാണ്

(ഇ) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയിലെ പ്രസക്തമായ വിജ്ഞാനശാഖയിൽ പ്രാഗൽഭ്യമുള്ള സ്പോൺസറിംഗ് ബോഡിയിലെ മൂന്ന് വ്യക്തികൾ;

(3) എക്സിക്യൂട്ടീവ് കൗൺസിൽ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ് .

(4) യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗങ്ങളുടെ അൻപത് ശതമാനമായിരിക്കുന്നതാണ് :

എന്നാൽ, സർക്കാർ നയങ്ങളോ നിർദ്ദേശങ്ങളോ ഉൾപ്പെടുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട എല്ലാ യോഗങ്ങളിലും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗം പങ്കെടുത്തിരിക്കേണ്ടതാണ് .

(5) വൈസ് -ചാൻസലർ എക്സിക്യൂട്ടീവ് കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ് .

(6) എക്സിക്യൂട്ടീവ് കൗൺസിൽ ഓരോ അഞ്ച് വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കേണ്ടതാണ് .

(7) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, എക്സിക്യൂട്ടീവ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ് , അതായത് :—

(എ) സർവ്വകലാശാലയുടെ വസ്തുവകകളും ഫണ്ടുകളും കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(ബി) സർവ്വകലാശാലയുടെ പേരിൽ ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തുവകകൾ ആർജ്ജിക്കുക;

(സി) ഓർഡിനൻസുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(ഡി) നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി സർവ്വകലാശാലയുടെ വിനിയോഗത്തിലിരിക്കുന്ന ഏതെങ്കിലും ഫണ്ട് കൈകാര്യം ചെയ്യുക;

(ഇ) സർവ്വകലാശാലയുടെ ബജറ്റും വാർഷിക റിപ്പോർട്ടും തയ്യാറാക്കുക;

(എഫ് ) സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സ്കോളർഷിപ്പുകൾ, ഫെലോഷിപ്പുകൾ, ബർസറികൾ, മെഡലുകൾ, മറ്റ് പ്രതിഫലങ്ങൾ എന്നിവ സ്ഥാപിക്കുക;

(ജി) സർവ്വകലാശാലയിലെ പ്രോ-വൈസ് -ചാൻസലർ, രജിസ്ട്രാർ, മറ്റ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ജീവനക്കാർ എന്നിവരെ നിയമിക്കുകയും അവരുടെ ചുമതലകളും സേവനവ്യവസ്ഥകളും നിർവ്വചിക്കുകയും ചെയ്യുക;

(എച്ച് ) പരീക്ഷകരുടെ ഓണറേറിയവും വേതനവും യാത്രാബത്തയും മറ്റ് ബത്തകളും നിശ്ചയിക്കുക;

(ഐ) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ മാതൃക, ഉപയോഗം എന്നിവ നിർദ്ദേശിക്കുക;

(ജെ) സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലയിലെ അദ്ധ്യാപകർ, ഭരണനിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കിടയിലെ അച്ചടക്കം നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(കെ) സർവ്വകലാശാലയുടെ സമ്പത്ത് , കണക്കുകൾ, നിക്ഷേപം, വസ്തുവകകൾ, മറ്റെല്ലാ ഭരണപരമായ കാര്യങ്ങൾ എന്നിവ നിയന്ത്രിക്കുക;

(എൽ) എൻഡോവ്ഡ് പ്രോപ്പർട്ടി ഉൾപ്പെടെയുള്ള സർവ്വകലാശാലയുടെ ഏതെങ്കിലും പണം നിക്ഷേപിക്കുക;

(എം) സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ, പരിസരം, ഫർണിച്ചറുകൾ, ഉപകരണങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ നൽകുക;

(എൻ) സർവ്വകലാശാലയുടെ പേരിൽ കരാറുകളിൽ ഏർപ്പെടുകയോ മാറ്റം വരുത്തുകയോ നടപ്പിലാക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(ഒ) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലയുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും നിയന്ത്രിക്കുകയും നിശ്ചയിക്കുകയും ചെയ്യുക.

24. അക്കാദമിക് കൗൺസിൽ.—(1) അക്കാദമിക് കൗൺസിൽ, സർവ്വകലാശാലയുടെ പ്രധാന അക്കാദമിക നികായം ആയിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ അക്കാദമിക നയങ്ങൾ ഏകോപിപ്പിക്കുകയും പൊതുവായ മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) ഡീൻമാർ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അസോസിയേറ്റ് പ്രൊഫസർ പദവിയിൽ താഴെയല്ലാത്ത മൂന്ന് വ്യക്തികൾ;

(ഇ) അതതുസംഗതിപോലെ, സർവ്വകലാശാലയുടെ വകുപ്പുതലവൻമാർ അല്ലെങ്കിൽ കേന്ദ്രങ്ങളുടെ ഡയറക്ടർമാർ;

(എഫ്) സ്പോൺസറിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ബന്ധപ്പെട്ട വിജ്ഞാനശാഖകളിലെ വ്യക്തികൾ/വ്യവസായം/ പൊതുമണ്ഡലം എന്നിവയിൽ നിന്നുള്ള പ്രഗത്ഭരായ പത്ത് വ്യക്തികൾ;

(ജി) വൈസ് -ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥികൾ, അവരിലൊരാൾ ഒരു വർഷം ഗവേഷണം പൂർത്തീകരിച്ച വിദ്യാർത്ഥിയായിരിക്കേണ്ടതാണ്.

(3) അക്കാദമിക് കൗൺസിൽ എല്ലാ വർഷവും കുറഞ്ഞത് രണ്ടുതവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(4) യോഗത്തിന്റെ ക്വാറം മൊത്തം അംഗങ്ങളുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്.

(5) വൈസ് -ചാൻസലർ അക്കാദമിക് കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്.

(6) അക്കാദമിക് കൗൺസിൽ ഓരോ അഞ്ച് വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കേണ്ടതാണ്.

(7) അക്കാദമിക് കൗൺസിലിന് , ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ് , അതായത് :—

(എ) എല്ലാ അക്കാദമിക കാര്യങ്ങളിലും ഗവേണിംഗ് കൗൺസിലിനും എക്സിക്യൂട്ടീവ് കൗൺസിലിനും ഉപദേശം നൽകുക;

(ബി) റെഗുലേഷനുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(സി) മറ്റ് സർവ്വകലാശാലകളുമായോ സ്ഥാപനങ്ങളുമായോ കൂടിച്ചേർന്ന് സർവ്വകലാശാല നടത്തുന്ന പ്രോഗ്രാമുകളും പഠന കോഴ്സുകളും നിർണ്ണയിക്കുക;

(ഡി) വിവിധ പഠന പ്രോഗ്രാമുകളിലും പരീക്ഷകളിലും പ്രവേശിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളും ഇളവുകൾ അനുവദിക്കാവുന്ന ഉപാധികളും നിർണ്ണയിക്കുക;

(ഇ) വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനുവേണ്ടി വിവിധ പ്രോഗ്രാമുകൾക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുക;

(എഫ് ) അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള പഠനശാഖകളിൽ ബോധനത്തിനും പരിശീലനത്തിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(ജി) ഗവേഷണത്തിനും വിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(എച്ച് ) സർവ്വകലാശാലയ്ക്ക് ആവശ്യമുള്ള പ്രൊഫസർഷിപ്പുകളും അസോസിയേറ്റ് പ്രൊഫസർഷിപ്പുകളും അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകളും അദ്ധ്യാപനവും ഗവേഷണവും സംബന്ധിച്ച മറ്റ് തസ്തികകളും ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക;

(ഐ) ഫെലോഷിപ്പുകളും മറ്റ് ഗ്രാന്റുകളും ഏർപ്പെടുത്തുന്നതിനായി ശിപാർശ ചെയ്യുക;

(ജെ) സർവ്വകലാശാല ഏതെല്ലാം ബിരുദങ്ങളും ഡിപ്ലോമകളും മറ്റ് അക്കാദമിക ബഹുമതികളും നൽകണമെന്ന് ശിപാർശ ചെയ്യുക;

(കെ) പഠന ബോർഡുകളുടെ ശിപാർശകളിന്മേൽ, മറ്റ് സർവ്വകലാശാലകളുടെ എതെല്ലാം പരീക്ഷകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ സർവ്വകലാശാലയുടേതിന് തുല്യമായി അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും സർവ്വകലാശാലയുടെ പരീക്ഷകൾക്ക് അംഗീകാരം നൽകുന്നതിന് മറ്റ് സർവ്വകലാശാലകളുമായി കൂടിയാലോചന നടത്തുകയും ചെയ്യുക;

(എൽ) സർവ്വകലാശാലയുടെ പഠന വകുപ്പുകളിൽ അദ്ധ്യാപനവും പഠനവും ഏകോപിപ്പിക്കുക;

(എം) ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ റെഗുലേഷനുകളാലോ ചട്ടങ്ങളാലോ ബൈലാകളാലോ അതിന് നൽകാവുന്നതോ അതിന്മേൽ ചുമത്താവുന്നതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

25. പഠന ബോർഡുകൾ.—(1) സർവ്വകലാശാലയിലെ ഓരോ പഠന വകുപ്പിനോടും ചേർന്ന് ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ് .

(2) പഠന ബോർഡുകളുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ് .

(3) പഠന ബോർഡുകളിലെ അംഗങ്ങൾ അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് .

26. ഗവേഷണ കൗൺസിൽ.—(1) ഗവേഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നം നിരീക്ഷിക്കുന്നതിനും സർവ്വകലാശാലയ്ക്ക് ഉപദേശം നൽകുന്നതിനുമായി ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ് .

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് , അതായത് :—

(എ) വൈസ് -ചാൻസലർ ;

(ബി) പ്രോ-വൈസ് -ചാൻസലർ ;

(സി) എക്സിക്യൂട്ടീവ് കൗൺസിലുമായി കൂടിയാലോചിച്ച് വൈസ് -ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളുടെ മൂന്ന് ഡീൻമാർ ;

(ഡി) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള മൂന്ന് പ്രഗത്ഭ ഗവേഷകർ;

(ഇ) വൈസ് -ചാൻസലർ, ഒരു വർഷത്തേക്ക് നാമനിർദ്ദേശം ചെയ്യുന്ന ഒരു ഗവേഷണ വിദ്യാർത്ഥി.

(3) വൈസ് -ചാൻസലർ, ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്.

(4) ഗവേഷണ കൗൺസിലിന്റെ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുന്നത് ഉൾപ്പെടെയുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ, ഗവേഷണ വിദ്യാർത്ഥി, വിദ്യാർത്ഥി എന്ന നിലയ്ക്കുള്ള അയാളുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നപക്ഷം, അയാളുടെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ തുടരേണ്ടതാണ്.

(5) (2)-ാം ഉപവകുപ്പിന്റെ (സി), (ഡി) എന്നീ ഖണ്ഡങ്ങൾ പ്രകാരം നാമനിർദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ നാമനിർദേശം ചെയ്യപ്പെട്ട തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്.

27. <u>ഫൈനാൻസ് കമ്മിറ്റി</u> .—(1) സർവ്വകലാശാലയുടെ <u>സാമ്പത്തിക കാര്യങ്ങളെ</u> ഏതെങ്കിലും പ്രശ്നം സംബന്ധിച്ച് അതിന് ഉപദേശം നൽകുന്നതിനായി ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(2) ഫൈനാൻസ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) വൈസ് ചാൻസലർ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) പ്രോ-വൈസ്- ചാൻസലർ;

(സി) ഗവേണിംഗ് കൗൺസിൽ, അവർക്കിടയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(ഡി) എക്സിക്യൂട്ടീവ് കൗൺസിൽ, അവർക്കിടയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(ഇ) സ്പോൺസറിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന ഒരു സാമ്പത്തിക വിദഗ്ധൻ.

(3) ഫൈനാൻസ് ഓഫീസർ ഫൈനാൻസ് കമ്മിറ്റിയുടെ സെക്രട്ടറിയായിരിക്കുന്നതാണ്.

(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുന്നത് ഉൾപ്പെടെയുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും സാമ്പത്തികകാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

28. <u>പ്ലാനിംഗ് കമ്മിറ്റി.</u>—(1) പ്ലാനിംഗ് കമ്മിറ്റി സർവ്വകലാശാലയുടെ പ്രധാന ആസൂത്രണ നികായം ആയിരിക്കുന്നതാണ്. പ്ലാനിംഗ് കമ്മിറ്റി അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക പിന്തുണാ സംവിധാനവും റെഗുലേറ്ററി ബോഡികൾ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) പ്ലാനിംഗ് കമ്മിറ്റിയുടെ അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്നത് ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും ഘടനയും സാമ്പത്തികകാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

29. <u>സ്റ്റുഡന്റ്സ് കൗൺസിൽ.</u>—(1) സർവ്വകലാശാലയ്ക്ക് ഒരു സ്റ്റുഡന്റ്സ് കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സ്റ്റുഡന്റ്സ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-വൈസ്-ചാൻസലർ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ബി) എക്സിക്യൂട്ടീവ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അദ്ധ്യാപകർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്;

(സി) വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന പത്ത് പേർ, അവരിൽ ഒരാൾ ഗവേഷണ വിദ്യാർത്ഥിയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോപ്പെട്ടതും രണ്ട് പേർ പെൺകുട്ടികളും ആയിരിക്കേണ്ടതാണ്.

(ഡി) ഡീൻ ഫോർ സ്റ്റുഡന്റ്സ് വെൽഫെയർ, അദ്ദേഹം സ്റ്റുഡന്റ്സ് കൗൺസിലിന്റെ സെക്രട്ടറിയായിരിക്കേണ്ടതാണ്.

(3) സ്റ്റുഡന്റ്സ് കൗൺസിൽ എല്ലാ വർഷവും പുനഃസംഘടിപ്പിക്കേണ്ടതാണ്.

(4) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സ്റ്റുഡന്റ്സ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വിദ്യാർത്ഥികളുടെ അക്കാദമിക പ്രവർത്തനത്തെ ബാധിക്കുന്ന കാര്യങ്ങളായ കോഴ്സുകളുടെ ഘടനയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമുള്ള, സർവ്വകലാശാലയിലെ കോർപ്പറേറ്റ് ജീവിതവും സർവ്വകലാശാലയിലെ പഠന പദ്ധതിയോട് ചേർന്നതും പാഠ്യേതരവുമായ പ്രവർത്തനങ്ങളും പോലുള്ള കാര്യങ്ങളിൽ എക്സിക്യൂട്ടീവ് കൗൺസിലിനും അക്കാദമിക് കൗൺസിലിനും ശിപാർശകൾ നൽകുക ;

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കത്തെയോ അല്ലെങ്കിൽ ക്ഷേമത്തെയോ സംബന്ധിച്ച ചട്ടങ്ങൾ, സ്പോർട്സ് , സാഹിത്യപരമായ സംഘങ്ങളുടെയും മറ്റ് സംഘങ്ങളുടെയും പ്രവർത്തനം, ഹോസ്റ്റലുകളുടെയും വിദ്യാർത്ഥി മന്ദിരങ്ങളുടെയും പ്രവാസി വിദ്യാർത്ഥികൾക്കായുള്ള കേന്ദ്രങ്ങളുടെയും നടത്തിപ്പ് , വികസനപരിപാടി, സാമൂഹ്യപരിപാടി, വിദ്യാർത്ഥികളുടെ ആരോഗ്യം, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർപ്സ് എന്നിവയെയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റ് സംഗതികളെയും സംബന്ധിച്ച് എക്സിക്യൂട്ടീവ് കൗൺസിലിനും അക്കാദമിക് കൗൺസിലിനും നിർദ്ദേശങ്ങൾ നൽകുക;

(സി) വിദ്യാർത്ഥികളെ സംബന്ധിച്ച ഏതെങ്കിലും കാര്യവുമായി ബന്ധപ്പെട്ട അതിന്റെ അഭിപ്രായങ്ങളും വീക്ഷണങ്ങളും ശിപാർശകളും സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിനെ അറിയിക്കുക:

എന്നാൽ, ഒരു കാര്യം വിദ്യാർത്ഥികളെ സംബന്ധിക്കുന്നതാണോ അല്ലയോ എന്ന പ്രശ്നം ഉദിക്കുന്നപക്ഷം ആ പ്രശ്നം വോട്ടിംഗിലൂടെ തീരുമാനിക്കേണ്ടതാണ് .

(ഡി) വിദ്യാർത്ഥികളുടെ പൊതുവായ ക്ഷേമത്തിന് ആവശ്യമായ അങ്ങനെയുള്ള നടപടികൾ സ്വീകരിക്കുക;

(ഇ) ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ റെഗുലേഷനുകളാലോ അതിന് നൽകാവുന്നതോ അതിന്മേൽ ചുമത്താവുന്നതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

30. <u>വിദ്യാർത്ഥികളുടെ അവകാശങ്ങൾ</u> .—(1) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിർദ്ദിഷ്ട അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ് .

(2) വിദ്യാർത്ഥികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുവാനും സംരക്ഷിക്കുവാനും സർവ്വകലാശാലയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ് .

(3) ഒരു വിദ്യാർത്ഥി യൂണിയൻ ഉണ്ടായിരിക്കേണ്ടതും അതിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ് .

31. വിദ്യാർത്ഥികളുടെ പരാതികൾ.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ദ്വിതല പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കേണ്ടതാണ് , അതായത് :—

(എ) ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ് ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി;

(ബി) യൂണിവേഴ്സിറ്റി സ്റ്റുഡന്റ് ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി.

(2) കമ്മിറ്റികളുടെ ഘടനയും അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് .

32. കമ്മിറ്റികളുടെ രൂപീകരണം.—ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ പ്രകാരം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള അധികാരം സർവ്വകലാശാലയുടെ ഏതെങ്കിലും അധികാര സ്ഥാനത്തിന് നൽകുന്നിടത്ത് , അങ്ങനെയുള്ള കമ്മിറ്റികളിൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തിലെ അംഗങ്ങളും ഓരോ സംഗതിയിലും അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നാവുന്ന അങ്ങനെയുള്ള മറ്റ് വ്യക്തികളും അടങ്ങിയിരിക്കേണ്ടതാണ് .

33. ഒഴിവുകൾ നികത്തൽ.—സർവ്വകലാശാലയിലെ ഏതെങ്കിലും അധികാര സ്ഥാനത്തിലേയോ നികായത്തിലേയോ അംഗത്തിന്റെ ഏതെങ്കിലും ഒഴിവ് , ഒഴിവുണ്ടായ തീയതി മുതൽ രണ്ടാഴ്ചയ്ക്കകം, അംഗത്തെ നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്ത് ശേഷിക്കുന്ന കാലയളവിലേയ്ക്ക് നികത്തേണ്ടതാണ് .

34. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും നടപടികൾ അസാധുവാക്കാൻ പാടില്ലെന്ന് .—സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ യാതൊരു പ്രവൃത്തിയോ നടപടിക്രമങ്ങളോ ആ അധികാരസ്ഥാനത്തിലോ നികായത്തിലോ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നതിനാലോ നടപടിക്രമങ്ങളിൽ പങ്കെടുത്ത ഏതെങ്കിലും ഒരു അംഗത്തെ നാമനിർദ്ദേശം ചെയ്തതിൽ എന്തെങ്കിലും ന്യൂനതയോ ക്രമക്കേടോ ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

35. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിലെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യൽ.—(1) എക്സിക്യൂട്ടീവ് കൗൺസിലിന് സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ അംഗത്വത്തിൽ നിന്ന് ഏതെങ്കിലും വ്യക്തിയെ, എക്സിക്യൂട്ടീവ് കൗൺസിലിന്റെ മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷത്തോടെയും എക്സിക്യൂട്ടീവ് കൗൺസിലിന്റെ യോഗത്തിൽ ഹാജരായതും വോട്ട് ചെയ്തതുമായ അംഗങ്ങളുടെ മൂന്നിൽ ഒന്ന് അംഗങ്ങളിൽ കുറയാത്ത ഭൂരിപക്ഷത്തോടെയും പാസ്സാക്കിയ ഒരു പ്രമേയം വഴി, അങ്ങനെയുള്ള വ്യക്തിയെ സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ഒരു ക്ഷമതയുള്ള

കോടതി ശിക്ഷിച്ചിട്ടുള്ളതാണെന്ന് എക്സിക്യൂട്ടീവ് കൗൺസിലിന് അഭിപ്രായമുള്ളപക്ഷം ഇതിലേയ്ക്കായി പുറപ്പെടുവിച്ച ഒരു ലിഖിതമായ ഉത്തരവ് വഴി നീക്കം ചെയ്യാവുന്നതാണ്.

(2) എക്സിക്യൂട്ടീവ് കൗൺസിലിന് ഏതെങ്കിലും വ്യക്തിയെ, അയാൾക്ക് ബുദ്ധിസ്ഥിരത ഇല്ലാതായി തീരുകയോ അയാളെ ഒരു നിർദ്ധനനായി പ്രഖ്യാപിക്കുകയോ ചെയ്യുന്നപക്ഷം ഇതിലേക്കായി പുറപ്പെടുവിച്ച ഒരു ലിഖിതമായ ഉത്തരവ് വഴി സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

(3) ഒരു വ്യക്തിക്കെതിരെ എടുക്കാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കാൻ അദ്ദേഹത്തിന് ന്യായമായ ഒരു അവസരം നൽകാത്തപക്ഷം ഈ വകുപ്പിൻ കീഴിൽ യാതൊരു നടപടിയും പ്രസ്തുത വ്യക്തിക്കെതിരായി എടുക്കാൻ പാടില്ലാത്തതാണ്.

(4) അതതുസംഗതിപോലെ, (1), (2) എന്നീ ഉപവകുപ്പുകൾക്ക് കീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവിന്റെയും ഓരോ പകർപ്പ് , അത് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബന്ധപ്പെട്ട വ്യക്തിക്ക് അയച്ചു കൊടുക്കേണ്ടതും ഗവേണിംഗ് കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

36. <u>സ്റ്റാറ്റ്യൂട്ടുകൾ</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിന് ഗവേണിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവ്വകലാശാല ഉദ്യോഗസ്ഥരുടെ അധികാരങ്ങളും ചുമതലകളും;

(ബി) ഈ ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത, സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അധികാരങ്ങളും ചുമതലകളും;

(സി) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കൗൺസിലിന്റെയും അക്കാദമിക് കൗൺസിലിന്റെയും സ്റ്റുഡന്റ്സ് കൗൺസിലിന്റെയും മറ്റ് അധികാരസ്ഥാനങ്ങളിലെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും ഈ നികായങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമോ അഭികാമ്യമോ ആയിരിക്കാവുന്ന മറ്റെല്ലാ സംഗതികളും;

(ഡി) സർവ്വകലാശാല ബിരുദങ്ങൾ, ഡിപ്ലോമകൾ, പദവികൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ നൽകുന്നതിനും;

(ഇ) ബിരുദങ്ങൾ, ഡിപ്ലോമകൾ, പദവികൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും;

(എഫ് ) ബിരുദങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള ബിരുദദാന ചടങ്ങുകൾ നടത്തുന്നതിനും;

(ജി) ഓണററി ബിരുദങ്ങൾ നൽകുന്നതിനും;

(എച്ച് ) കണക്കുകളുടെ പരിപാലനത്തിനും സർവ്വകലാശാലയുടെ വാർഷിക ബജറ്റ് തയ്യാറാക്കുന്നതിനും പാസ്സാക്കുന്നതിനും;

(ഐ) ഈ ആക്റ്റ് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

37. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ഗവേണിംഗ് കൗൺസിലിന് സ്വമേധയാ സ്റ്റാറ്റ്യൂട്ടിന്റെ കരട് പരിഗണനയ്ക്ക് എടുക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ ഒരു സ്റ്റാറ്റ്യൂട്ട് പാസാക്കുന്നതിന് മുൻപ് ഗവേണിംഗ് കൗൺസിൽ എക്സിക്യൂട്ടീവ് കൗൺസിലിന്റെ അഭിപ്രായം തേടേണ്ടതും പരിഗണിക്കേണ്ടതുമാണ് .

(2) എക്സിക്യൂട്ടീവ് കൗൺസിലിന് ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ കരട് ഗവേണിംഗ് കൗൺസിലിന്റെ പരിഗണനയ്ക്കായി നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള കരട് ഗവേണിംഗ് കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാണ് .

(3) ഗവേണിംഗ് കൗൺസിലിന് , എക്സിക്യൂട്ടീവ് കൗൺസിൽ നിർദ്ദേശിച്ച ഒരു കരട് സ്റ്റാറ്റ്യൂട്ട് അംഗീകരിക്കുകയും പാസാക്കുകയും ചെയ്യാവുന്നതോ തള്ളിക്കളയാവുന്നതോ അത് ഗവേണിംഗ് കൗൺസിൽ നിർദ്ദേശിക്കാവുന്ന ഭേദഗതികളോടൊപ്പം പൂർണ്ണമായോ ഭാഗികമായോ അത് പുനഃപരിശോധിക്കുന്നതിനായി എക്സിക്യൂട്ടീവ് കൗൺസിലിന് മടക്കി അയയ്ക്കുകയോ ചെയ്യാവുന്നതാണ് .

(4) (3)-ാം ഉപവകുപ്പ് പ്രകാരം ഗവേണിംഗ് കൗൺസിൽ മടക്കി അയയ്ക്കുന്ന ഏതെങ്കിലും കരട് ഗവേണിംഗ് കൗൺസിൽ നിർദ്ദേശിച്ച ഏതെങ്കിലും ഭേദഗതികൾ സഹിതം എക്സിക്യൂട്ടീവ് കൗൺസിൽ വീണ്ടും പരിഗണിച്ച ശേഷം, അത് അതിന്മേലുള്ള എക്സിക്യൂട്ടീവ് കൗൺസിലിന്റെ റിപ്പോർട്ടോടുകൂടി വീണ്ടും ഗവേണിംഗ് കൗൺസിൽ മുൻപാകെ വെയ്ക്കേണ്ടതും അതിനുശേഷം ഗവേണിംഗ് കൗൺസിലിന് ഉചിതമെന്ന് തോന്നുന്ന ഏതെങ്കിലും വിധത്തിൽ പ്രസ്തുത കരട് കൈകാര്യം ചെയ്യാവുന്നതുമാണ് .

(5) ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസാക്കുന്നിടത്ത് , അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം സ്റ്റാറ്റ്യൂട്ട് വീണ്ടും പരിഗണിക്കുന്നതിനായി ഗവേണിംഗ് കൗൺസിലിന് റഫർ ചെയ്യുകയോ അല്ലെങ്കിൽ അതിന് അനുമതി നൽകുകയോ അല്ലെങ്കിൽ ഗവേണിംഗ് കൗൺസിലിനെ കാരണം അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അനുമതി തടഞ്ഞുവയ്ക്കുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം ചാൻസലർ അനുമതി നൽകാതിരിക്കുകയോ തിരിച്ചയയ്ക്കുകയോ തടഞ്ഞുവെയ്ക്കുന്നതിനുള്ള കാരണം അറിയിക്കുകയോ ചെയ്യാത്തപക്ഷം ചാൻസലർ അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ് .

(6) ഗവേണിംഗ് കൗൺസിൽ പാസാക്കിയ യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലറുടെ അനുമതി ലഭിക്കുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

(7) എക്സിക്യൂട്ടീവ് കൗൺസിൽ, സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവിയെയോ അധികാരങ്ങളെയോ അല്ലെങ്കിൽ സംവിധാനത്തെയോ ബാധിക്കുന്ന സ്റ്റാറ്റ്യൂട്ടിന്റെയോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടിനുള്ള ഭേദഗതിയുടെയോ കരട് അങ്ങനെയുള്ള നിർദ്ദേശം സംബന്ധിച്ച് അങ്ങനെയുള്ള അധികാരസ്ഥാനത്തിന് അഭിപ്രായം പ്രകടിപ്പിക്കുന്നതിന് ഒരവസരം നൽകുന്നതുവരെ, നിർദ്ദേശിക്കാൻ പാടില്ലാത്തതും;

അപ്രകാരം പ്രകടിപ്പിക്കുന്ന ഏത് അഭിപ്രായവും ലിഖിതമായിരിക്കേണ്ടതും ഗവേണിംഗ് കൗൺസിൽ അത് പരിഗണിയ്ക്കേണ്ടതുമാണ് .

38. ഓർഡിനൻസുകൾ.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, എക്സിക്യൂട്ടീവ് കൗൺസിലിന് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് , അതായത് :—

(എ) കോളേജിലും മറ്റു സ്ഥാപനങ്ങളിലും സർവ്വകലാശാല ചുമത്തുന്ന ഫീസ് ;

(ബി) വിദ്യാർത്ഥികളുടെ താമസവും അച്ചടക്കവും;

(സി) അദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരവും ഘടനയും;

(ഡി) സർവ്വകലാശാലയിലെ വിവിധ തസ്തികകളിലെ ശമ്പള സ്കെയിലുകളും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സേവനവ്യവസ്ഥകളും നിശ്ചയിക്കുക; കൂടാതെ

(ഇ) ഈ ആക്ടിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ വ്യവസ്ഥകൾ പ്രകാരം ഓർഡിനൻസുകളാൽ വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

39. ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ ഓർഡിനൻസുകൾക്കും എക്സിക്യൂട്ടീവ് കൗൺസിൽ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെ ഉണ്ടാക്കുന്ന ഓരോ ഓർഡിനൻസും റദ്ദാക്കുന്ന ഏതെങ്കിലും ഓർഡിനൻസും ഗവേണിംഗ് കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽ വെയ്ക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ഓർഡിനൻസോ ഒരു ഓർഡിനൻസിന്റെ റദ്ദാക്കലോ ഗവേണിംഗ് കൗൺസിലിന് മുൻപാകെ വെയ്ക്കാത്തപക്ഷം, അതതുസംഗതിപോലെ, ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീരുന്നതും അല്ലെങ്കിൽ റദ്ദാക്കപ്പെട്ട ഓർഡിനൻസ് ഗവേണിംഗ് കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിന് ശേഷം പ്രാബല്യത്തിൽ വരുന്നതുമാണ്.

(3) (1), (2) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(4) ചെലവ് ഉൾക്കൊള്ളുന്ന യാതൊരു ഓർഡിനൻസും ചാൻസലറുടെ അനുമതി ലഭിക്കുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല. ചാൻസലറുടെ അനുമതി ആവശ്യമുള്ള ഒരു ഓർഡിനൻസ് ഒരിക്കൽ ചാൻസലറുടെ അനുമതിക്കായി സമർപ്പിക്കുന്നപക്ഷം, ഓർഡിനൻസ് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം അനുമതി തടഞ്ഞ് വെയ്ക്കുന്നതിനുള്ള കാരണം അറിയിക്കാത്തപക്ഷം ചാൻസലർ അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.

40. റെഗുലേഷനുകൾ.—ഈ ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാദമിക് കൗൺസിലിന് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(എ) പഠന കോഴ്സുകളും പരീക്ഷകളുടെ നടത്തിപ്പും;

(ബി) വിവിധ പഠന കോഴ്സുകൾക്കും പരീക്ഷകൾക്കും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകൽ;

(സി) അദ്ധ്യാപകരുടെ യോഗ്യതകൾ;

(ഡി) പഠന ബോർഡുകളുടെയും പരീക്ഷകരുടെയും നിയമനവും അവരുടെ ചുമതലകൾ നിർണ്ണയിക്കലും;

(ഇ) മറ്റു സർവ്വകലാശാലകളുടെ പരീക്ഷകളെയും ബിരുദങ്ങളെയും ഡിപ്ലോമകളെയും സർവ്വകലാശാലയുടെ പരീക്ഷകൾക്കും ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും തുല്യമായി അംഗീകരിക്കലും; കൂടാതെ

(എഫ് ) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾ പ്രകാരം റെഗുലേഷനുകളാൽ നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

41. <u>റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.—(1) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ റെഗുലേഷനുകൾക്കും അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെ ഉണ്ടാക്കുന്ന ഓരോ റെഗുലേഷനും ഗവേണിംഗ് കൗൺസിൽ മുൻപാകെ അതിന്റെ തൊട്ടടുത്ത യോഗത്തിൽ വെയ്ക്കേണ്ടതുമാണ് .

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ് .

42. <u>ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും</u>.—<u>(1)</u>ഗവേണിംഗ് കൗൺസിലിന് , ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡുകളുടെയും കമ്മിറ്റികളുടെയും മറ്റ് നികായങ്ങളുടെയും മാർഗ്ഗനിർദ്ദേശത്തിനും നടത്തിപ്പിനും വേണ്ടിയും ഗവേണിംഗ് കൗൺസിൽ ഒഴികെയുള്ള സർവ്വകലാശാലയുടെ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെ യോഗങ്ങളിലെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനുവേണ്ടിയും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് .

(2) അങ്ങനെയുള്ള എല്ലാ ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും എക്സിക്യൂട്ടീവ് കൗൺസിൽ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ് .

(3) അങ്ങനെയുള്ള ഏതെങ്കിലും ചട്ടമോ ബൈലായോ ഉത്തരവോ റദ്ദാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ ഗവേണിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

43. <u>സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തൽ</u>.—ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റെഗുലേഷനുകളും അത് ഉണ്ടാക്കിയ തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

44. <u>വാർഷിക റിപ്പോർട്ട്</u> .—(1) എക്സിക്യൂട്ടീവ് കൗൺസിലിന്റെ നിർദ്ദേശ പ്രകാരം സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതിയിൽ ഗവേണിംഗ് കൗൺസിലിന് സമർപ്പിക്കേണ്ടതും ഗവേണിംഗ് കൗൺസിൽ അതിന്റെ വാർഷിക യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്.

(2) ഗവേണിംഗ് കൗൺസിൽ, വാർഷിക റിപ്പോർട്ടിന്മേലുള്ള അതിന്റെ അഭിപ്രായം, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് സഹിതം ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

45. <u>വാർഷിക കണക്കുകൾ</u>.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകളും വരവ് - ചെലവ് വിവരപട്ടികയും എക്സിക്യൂട്ടീവ് കൗൺസിലിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും, പതിനഞ്ച് മാസത്തെ ഇടവേള അധികരിക്കാതെ എല്ലാ വർഷവും ഒരു തവണയെങ്കിലും, 1949-ലെ ചാർട്ടേഡ് അക്കൗണ്ടന്റ് ആക്റ്റിലെ (1949-ലെ XXXVIII-ാം കേന്ദ്ര ആക്റ്റ് ) വ്യവസ്ഥകൾ പ്രകാരം ഓഡിറ്റ് നടത്താൻ അർഹതയുള്ള പ്രവർത്തിപരിചയവും യോഗ്യതയുള്ളവരുമായ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഒരു ഫേം ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

(2) വാർഷിക കണക്കുകളുടെ ഒരു പകർപ്പ് അവയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടോടുകൂടി എക്സിക്യൂട്ടീവ് കൗൺസിലിന്റെ അഭിപ്രായം സഹിതം ഗവേണിംഗ് കൗൺസിലിനും ചാൻസലർക്കും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

46. <u>ജീവനക്കാരുടെ സേവനവ്യവസ്ഥകൾ</u>.—(1) സർവ്വകലാശാലയിലെ എല്ലാ ജീവനക്കാരെയും സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കുകയോ നിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

(2) സർവ്വകലാശാലയും സർവ്വകലാശാലയിൽ സ്ഥിരമായി നിയമിക്കപ്പെട്ട ഏതൊരു ജീവനക്കാരനും തമ്മിൽ ഉണ്ടാകുന്ന ഏതെങ്കിലും തർക്കം, വൈസ്-ചാൻസലർക്ക് റഫർ

ചെയ്യേണ്ടതും അദ്ദേഹം, അങ്ങനെ റഫർ ചെയ്ത തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ജീവനക്കാരന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയതിന് ശേഷം തർക്കം തീർപ്പാക്കേണ്ടതുമാണ് .

(3) വൈസ് -ചാൻസലറുടെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരു ജീവനക്കാരനും ചാൻസലർ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ് . അങ്ങനെയുള്ള അപ്പീലിൽ ചാൻസലറുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ് .

47. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് .—സർവ്വകലാശാല അതിന്റെ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രൊവിഡന്റ് ഫണ്ട് അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള ഇൻഷ്വറൻസ് സ്കീമുകൾ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി രൂപീകരിക്കേണ്ടതാണ് .

48. സർവ്വകലാശാല റിക്കാർഡുകൾ തെളിയിക്കുന്നതിനുള്ള രീതി.—സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കമ്മിറ്റിയുടെയോ ഏതെങ്കിലും രസീത് , അപേക്ഷ, നോട്ടീസ് , ഉത്തരവ് , നടപടിക്രമം, പ്രമേയം അല്ലെങ്കിൽ സർവ്വകലാശാലയുടെ കൈവശമുള്ള മറ്റ് രേഖകൾ എന്നിവയുടെ പകർപ്പ് , രജിസ്ട്രാർ സാക്ഷ്യപ്പെടുത്തുന്നപക്ഷം, അങ്ങനെയുള്ള രസീത് , അപേക്ഷ, നോട്ടീസ് , ഉത്തരവ് , നടപടിക്രമം, പ്രമേയം, രേഖ, രജിസ്റ്ററിലെ ഉൾക്കുറിപ്പിന്റെ സ്ഥിതി എന്നിവ പ്രഥമദൃഷ്ട്യാ ഉള്ള തെളിവായി സ്വീകരിക്കേണ്ടതും അസ്സൽ ഹാജരാക്കുന്നപക്ഷം അവ തെളിവായി സ്വീകരിക്കാവുന്നിടത്ത് അതിനെ സംബന്ധിച്ച വിഷയങ്ങളുടെയും ഇടപാടുകളുടെയും തെളിവായി സ്വീകരിക്കേണ്ടതുമാണ് .

49. എൻഡോവ്മെന്റ് ഫണ്ട് .—(1) സ്പോൺസറിംഗ് ബോഡി കുറഞ്ഞത് ഇരുപത്തിയഞ്ച് കോടി രൂപയുടെ ഒരു എൻഡോവ്മെന്റ് ഫണ്ട് രൂപീകരിക്കേണ്ടതാണ് .

(2) സർവ്വകലാശാല ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി, അത് സുരക്ഷിത നിക്ഷേപമായി ഉപയോഗിക്കേണ്ടതാണ് . സർവ്വകലാശാലയോ സ്പോൺസറിംഗ് ബോഡിയോ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന സംഗതിയിൽ, എൻഡോവ്മെന്റ് ഫണ്ടിന്റെ ഒരു ഭാഗമോ മുഴുവനോ കണ്ടുകെട്ടുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ് .

(3) എൻഡോവ്മെന്റ് ഫണ്ടിൽ നിന്നുള്ള വരുമാനം സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനോ ആവർത്തനച്ചെലവുകൾ നിറവേറ്റുന്നതിനോ സർവ്വകലാശാലയ്ക്ക് വിനിയോഗിക്കാവുന്നതാണ് .

(4) എൻഡോവ്മെന്റ് ഫണ്ടിലെ തുക സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കേണ്ടതും സർവ്വകലാശാല പിരിച്ചുവിടുന്നത് വരെ നില നിർത്തേണ്ടതുമാണ് .

50. പൊതു ഫണ്ട് :—(1) ഓരോ സർവ്വകലാശാലയും ഒരു പൊതു ഫണ്ട് രൂപീകരിക്കേണ്ടതും, അതിൽ താഴെപ്പറയുന്ന തുകകൾ നിക്ഷേപിക്കേണ്ടതുമാണ് , അതായത് :—

(എ) സർവ്വകലാശാല ഈടാക്കാവുന്ന എല്ലാ ഫീസും;

(ബി) മറ്റേതെങ്കിലും ഉറവിടത്തിൽ നിന്ന് ലഭിച്ച എല്ലാ തുകകളും;

(സി) സ്പോൺസറിംഗ് ബോഡി നൽകുന്ന എല്ലാ സംഭാവനകളും; കൂടാതെ

(ഡി) ഇതിലേയ്ക്കായി മറ്റേതെങ്കിലും വ്യക്തിയോ നികായമോ നൽകുന്ന തത്സമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം നിരോധിക്കപ്പെടാത്ത എല്ലാ സംഭാവനകളും.

(2) പൊതു ഫണ്ടിലേയ്ക്ക് നിക്ഷേപിച്ച തുകകൾ സർവ്വകലാശാലയുടെ ആവർത്തന ചെലവുകൾക്ക് വേണ്ടി ഉപയോഗിക്കേണ്ടതാണ് .

51. വികസന ഫണ്ട് .—(1) ഓരോ സർവ്വകലാശാലയും ഒരു വികസന ഫണ്ട് രൂപീകരിക്കേണ്ടതും അതിൽ താഴെപ്പറയുന്ന തുകകൾ നിക്ഷേപിക്കേണ്ടതുമാണ് , അതായത് :—

(എ) സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതിയോടുകൂടി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന വികസന ഫീസും;

(ബി) സർവ്വകലാശാലയുടെ വികസനത്തിനായി മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ച എല്ലാ തുകകളും;

(സി) സ്പോൺസറിംഗ് ബോഡി നൽകുന്ന എല്ലാ സംഭാവനകളും;

(ഡി) ഇതിലേയ്ക്കായി മറ്റേതെങ്കിലും വ്യക്തിയോ നികായമോ നൽകുന്ന തത്സമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം നിരോധിക്കപ്പെടാത്ത എല്ലാ സംഭാവനകളും; കൂടാതെ

(ഇ) എൻഡോവ്മെന്റ് ഫണ്ടിൽ നിന്നും ലഭിക്കുന്ന വരുമാനങ്ങളും.

(2) കാലാകാലങ്ങളിൽ വികസന ഫണ്ടിൽ നിക്ഷേപിക്കുന്ന എല്ലാ തുകകളും സർവ്വകലാശാലയുടെ വികസനത്തിനായി വിനിയോഗിക്കേണ്ടതാണ്.

52. ഫണ്ടിന്റെ പരിപാലനം.—49, 50, 51 എന്നീ വകുപ്പുകൾ പ്രകാരം രൂപീകരിക്കപ്പെട്ട ഫണ്ടുകൾ, ഗവേണിംഗ് കൗൺസിലിന്റെ പൊതുവായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

53. വിവരങ്ങളും റിക്കാർഡുകളും വിളിച്ചുവരുത്തുന്നതിനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന് വിളിച്ചുവരുത്താവുന്ന, സർവ്വകലാശാലയുടെ ഭരണപരമായോ സാമ്പത്തികപരമായോ മറ്റ് കാര്യങ്ങളുമായോ ബന്ധപ്പെട്ട അങ്ങനെയുള്ള വിവരങ്ങളോ റിക്കാർഡുകളോ ലഭ്യമാക്കേണ്ടത് സർവ്വകലാശാലയുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ചുമതല ആയിരിക്കുന്നതാണ്.

(2) സർക്കാരിന് , ഈ ആക്ടിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റെഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് അഭിപ്രായമുള്ളപക്ഷം അതിന് 56-ാം വകുപ്പിന് കീഴിൽ ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ സർവ്വകലാശാലയ്ക്ക് നൽകാവുന്നതാണ്.

54. സർവ്വകലാശാലയുടെ പിരിച്ചുവിടൽ.—(1)ഏതെങ്കിലും സർവ്വകലാശാല [****] അത് പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നപക്ഷം പിരിച്ചുവിടുന്നതിന് കുറഞ്ഞത് ആറ് മാസം മുൻപെങ്കിലും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന നോട്ടീസ് ലഭിച്ചാൽ, സർവ്വകലാശാലയുടെ പിരിച്ചുവിടൽ തീയതി മുതൽ റെഗുലർ പഠന കോഴ്സുകളിലെ വിദ്യാർത്ഥികളുടെ അവസാന ബാച്ച് അവരുടെ പഠന കോഴ്സുകൾ പൂർത്തിയാക്കുന്നത് വരെയും സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിനായി സർക്കാർ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

55. പിരിച്ചുവിടൽ സമയത്ത് സർവ്വകലാശാലയുടെ ചെലവുകളും ബാദ്ധ്യതകളും.—(1) 54-ാം വകുപ്പ് പ്രകാരം സർവ്വകലാശാല പിരിച്ചുവിടുന്ന സാഹചര്യത്തിൽ സർവ്വകലാശാലയുമായി

ബന്ധപ്പെട്ട എല്ലാ ചെലവുകളും വഹിക്കുന്നതിനും ബാദ്ധ്യതകൾ തീർപ്പാക്കുന്നതിനും സർക്കാർ എൻഡോവ്മെന്റ് ഫണ്ട് , പൊതു ഫണ്ട് , വികസന ഫണ്ട് എന്നിവ വിനിയോഗിക്കേണ്ടതാണ് .

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഫണ്ടുകൾ സർവ്വകലാശാലയുടെ ചെലവുകൾ നിറവേറ്റാൻ പര്യാപ്തമല്ലാത്തപക്ഷം, അതിനായുള്ള ചെലവുകൾ സർവ്വകലാശാലയുടെ വസ്തുവകകളുടെയോ ആസ്തികളുടെയോ വിൽപ്പനയിലൂടെ സർക്കാരിന് വഹിക്കാവുന്നതാണ് .

(3) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന് ശേഷവും ചെലവുകൾ നിറവേറ്റപ്പെടാത്തപക്ഷം സ്പോൺസറിംഗ് ബോഡിയിലെ അംഗങ്ങളുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി റവന്യൂ റിക്കവറി നടപടികളടക്കമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

56. സർവ്വകലാശാലയുടെ അംഗീകാരം പിൻവലിക്കൽ.—(1) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും സർവ്വകലാശാല പ്രവർത്തിക്കുന്നില്ല എന്ന വസ്തുതാപരമായതും സാരവത്തായതുമായ ആക്ഷേപങ്ങളോടുകൂടിയ ഒരു പരാതി സർക്കാരിന് ലഭ്യമാകുന്നിടത്ത് , അപ്രകാരമുള്ള പരാതി ലഭിച്ച് രണ്ട് മാസത്തിൽ കവിയാത്ത കാലാവധിയ്ക്കുള്ളിൽ സർവ്വകലാശാലയുടെ അംഗീകാരം പിൻവലിക്കാതിരിയ്ക്കുന്നതിന് കാരണം കാണിക്കുന്നതിന് സർവ്വകലാശാലയോട് ആവശ്യപ്പെടേണ്ടതാണ് .

(2) (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ നോട്ടീസിന് സർവ്വകലാശാലയുടെ മറുപടി ലഭ്യമാകുന്ന സംഗതിയിൽ സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ പ്രഥമദൃഷ്ട്യാ ദുർഭരണമോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനമോ ഉണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, സർക്കാരിന് അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുന്നതിന് ഉത്തരവിടാവുന്നതാണ് .

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അന്വേഷണവിചാരണയുടെ ആവശ്യങ്ങൾക്കായി, സർക്കാർ, വിജ്ഞാപനം മുഖേന, ദുർഭരണമോ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനമോ സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷണവിചാരണ നടത്തുന്നതിനായി ഒരു ഉദ്യോഗസ്ഥനെയോ അധികാരസ്ഥാനത്തെയോ നിയമിക്കേണ്ടതാണ് .

(4) (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഓരോ അന്വേഷണ അധികാരിക്കും ഈ ആക്റ്റിന് കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ, പ്രത്യേകിച്ചും താഴെപ്പറയുന്ന

കാര്യങ്ങളിൽ, 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ് ) കീഴിൽ ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ് , അതായത് :—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജർ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖകൾ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) ഏതെങ്കിലും ഓഫീസിൽ നിന്ന് ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഡി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും; കൂടാതെ

(ഇ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.

(5) അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന സംഗതിയിൽ, സർവ്വകലാശാല ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം സർക്കാർ ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനും ഈ ആക്റ്റിലെ വ്യവസ്ഥകൾ ശരിയായി നടപ്പിലാക്കുന്നതിനും സർവ്വകലാശാലയോട് നിർദ്ദേശിക്കേണ്ടതാണ് .

(6) സർവ്വകലാശാല തുടർച്ചയായി ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് സർവ്വകലാശാലയുടെ അക്കാദമിക നിലവാരത്തിന് ഭീഷണിയാകുന്ന വിധത്തിൽ സർവ്വകലാശാലയിൽ സാമ്പത്തിക കെടുകാര്യസ്ഥതയും ദുർഭരണവും ഉണ്ടാകുന്ന സാഹചര്യത്തിലേയ്ക്ക് നയിക്കുന്നു എന്ന് കാണുന്നപക്ഷം, സർക്കാരിന് ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ് .

(7) (6)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ ഈ ആക്റ്റിന് കീഴിലുള്ള ഗവേണിംഗ് കൗൺസിലിന്റെയും സ്പോൺസറിംഗ് ബോഡിയുടെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതും റെഗുലർ കോഴ്സുകളിലെ അവസാന ബാച്ച് വിദ്യാർത്ഥികൾ അവരുടെ കോഴ്സുകളോ സിലബസുകളോ പൂർത്തിയാക്കുകയും അതതുസംഗതിപോലെ, അവർക്ക് ബിരുദങ്ങളോ ഡിപ്ലോമകളോ മറ്റ് അക്കാദമിക ബഹുമതികളോ നൽകുകയും ചെയ്യുന്നതുവരെ സർവ്വകലാശാലയുടെ ഭരണനിർവ്വഹണം നടത്തുകയും ചെയ്യേണ്ടതുമാണ് .

(8) റെഗുലർ കോഴ്സുകളിലെ അവസാന ബാച്ചിലെ വിദ്യാർത്ഥികൾക്ക് , അതതു സംഗതിപോലെ, ബിരുദങ്ങളോ ഡിപ്ലോമകളോ അക്കാദമിക ബഹുമതികളോ നൽകിയതിന് ശേഷം, അഡ്മിനിസ്ട്രേറ്റർ അത് സംബന്ധിച്ച് ഒരു റിപ്പോർട്ട് സർക്കാരിന് നൽകേണ്ടതാണ് .

(9) (8)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാകുന്ന സംഗതിയിൽ, സർക്കാർ അത് യഥാവിധി പരിഗണിച്ചശേഷം, ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ സമാന ഉദ്ദേശ്യങ്ങളുള്ള മറ്റേതെങ്കിലും സ്പോൺസറിംഗ് ബോഡിയിൽ നിക്ഷിപ്തമാക്കികൊണ്ട് സർവ്വകലാശാല തുടർന്ന് പ്രവർത്തിപ്പിക്കാവുന്നതും അല്ലെങ്കിൽ യു.ജി.സി.യുടെയോ ബന്ധപ്പെട്ട മറ്റ് റെഗുലേറ്ററി ബോഡികളുടെയോ മുൻകൂട്ടിയുള്ള അനുമതിയോടെ സർവ്വകലാശാലയുടെ അംഗീകാരം റദ്ദാക്കാവുന്നതുമാണ്.

(10) (9)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരം റദ്ദാക്കുന്ന സാഹചര്യത്തിൽ, സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും വഹിക്കുന്നതിനും ബാധ്യതകൾ തീർപ്പാക്കുന്നതിനും സർക്കാരിന് എൻഡോവ്മെന്റ് ഫണ്ട് , പൊതു ഫണ്ട് , വികസന ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. സർവ്വകലാശാലയുടെ ഫണ്ടുകൾ സർവ്വകലാശാലയുടെ ആവശ്യമായ ചെലവുകളും ബാധ്യതകളും വഹിക്കാൻ പര്യാപ്തമല്ലാത്തപക്ഷം സർക്കാരിന്, പ്രസ്തുത ചെലവുകളും ബാധ്യതകളും വഹിക്കുന്നതിനായി സർവ്വകലാശാലയുടെ ആസ്തിയോ വസ്തുവകകളോ വില്പന നടത്താവുന്നതാണ്.

57. <u>നയപരമായ കാര്യങ്ങളിൽ സർവ്വകലാശാലയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സർക്കാരിന്റെ അധികാരം</u>.—സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ, നയപരമായ കാര്യങ്ങളിന്മേൽ സർവ്വകലാശാലയ്ക്ക് കാലാകാലങ്ങളിൽ അതിന് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ സർവ്വകലാശാല പാലിക്കേണ്ടതാണ്:

എന്നാൽ, 22, 23, 24-ാം വകുപ്പുകൾ പ്രകാരം രൂപീകരിക്കുന്ന നികായങ്ങളിലെ സർക്കാർ നാമനിർദ്ദേശം ചെയ്ത വ്യക്തികൾ ഈ നിർദ്ദേശങ്ങൾ സർവ്വകലാശാല പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

58. <u>പിരിച്ചുവിടുന്ന അല്ലെങ്കിൽ അംഗീകാരം പിൻവലിക്കുന്ന സമയത്ത് ആസ്തികളുടെയും ബാധ്യതകളുടെയും അവസ്ഥ</u>.—സർവ്വകലാശാലയുടെ അംഗീകാരം പിൻവലിക്കുകയോ പിരിച്ചുവിടുകയോ ചെയ്യുന്ന സാഹചര്യത്തിൽ 55-ാം വകുപ്പിലെയും 56-ാം വകുപ്പിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അതതുസംഗതിപോലെ, നടപടികൾ പൂർത്തീകരിച്ചശേഷം അവശേഷിക്കുന്ന അപ്രകാരമുള്ള സർവ്വകലാശാലയുടെ എൻഡോവ്മെന്റ് ഫണ്ടും പൊതു ഫണ്ടും വികസന ഫണ്ടും അല്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടും ഉൾപ്പെടെയുള്ള എല്ലാ ആസ്തികളും വസ്തുവകകളും ബാധ്യതകളും സ്പോൺസറിംഗ് ബോഡിയുടേതായിരിക്കുന്നതാണ്.

59. <u>ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്ക് റെഗുലേറ്ററി ബോഡി രൂപീകരിക്കാനുള്ള സർക്കാരിന്റെ അധികാരങ്ങൾ</u>.—(1) സർക്കാർ, വിദ്യാർത്ഥികൾക്ക് ആഗോള നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി അദ്ധ്യാപനവും ഗവേഷണവും വികസനവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു റെഗുലേറ്ററി ബോഡി രൂപീകരിക്കേണ്ടതാണ്.

(2) റെഗുലേറ്ററി ബോഡിയിൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, അത് ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ്.

[****]

60. ആക്റ്റിന് മറ്റ് നിയമങ്ങളിന്മേൽ അതിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

61. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം മുഖേന ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ പ്രത്യേകിച്ചും മേല്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന രീതിയും അതിൽ അടങ്ങിയിരിക്കേണ്ട വിശദാംശങ്ങളും, [****]

(ബി) 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന വിദഗ്ദ്ധ സമിതിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട സിറ്റിംഗ് ഫീസും അലവൻസുകളും;

(സി) ചട്ടങ്ങളാൽ നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ മറ്റേതൊരു കാര്യവും.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിന് ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസത്തേക്ക് വെയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വെയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ

റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിയ്ക്കേണ്ടതാണ് .

62. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1)ഒരു സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനം രൂപീകരിക്കുന്നതിനോ പുനഃസംഘടിപ്പിക്കുന്നതിനോ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനോ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന് , ഉത്തരവ് മുഖേന, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അങ്ങനെയുള്ള വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം അങ്ങനെയുള്ള യാതൊരു [****] ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ് .

**പട്ടിക**

(8 ാം വകുപ്പ് കാണുക)

| ക്രമ നം. | സർവ്വകലാശാലയുടെ പേരും സ്ഥലവും (വിലാസം). | സർവ്വകലാശാല സ്ഥാപിച്ച തീയതി | സ്പോൺസറിംഗ് ബോഡിയുടെ പേരും വിലാസവും | സ്പോൺസറിംഗ് ബോഡിയുടെ രജിസ്ട്രേഷന്റെ വിശദാംശങ്ങൾ. |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |
| | | | | |

കേരള നിയമസഭാ സെക്രട്ടേറിയറ്റ് ,
തിരുവനന്തപുരം,
2025 മാർച്ച് 4.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*